# ഗുരു ഗ്രീഗോറിയോസ്

*മലയാളം*

# ഗുരു ഗ്രീഗോറിയോസ്

**(ഗ്രിഗോറിയൻ പഠനം)**

**ഫാ. ഡോ. കെ. എം. ജോർജ്**

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

**പ്രസാധകർ: ഗ്രിഗോറിയൻ സ്റ്റഡി സർക്കിൾ**

വെബ് എഡിഷൻ: 2005 നവംബർ 24

# ഗുരു ഗ്രീഗോറിയോസ്

ഫാ. ഡോ. കെ. എം. ജോർജ്

പ്രസാധകർ

ഗ്രിഗോറിയൻ സ്റ്റഡി സർക്കിൾ



## ഫാ. ഡോ. കെ. എം. ജോർജ്

വേദശാസ്ത്രജ്ഞനും ചിന്തകനും കവിയും ചിത്രകാരനും.
വടക്കൻമണ്ണൂർ സെന്റ് തോമസ് ഇടവകാംഗം.

ഇപ്പോൾ ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പൽ ആയും ഡബ്ലിയു. സി. സി. യുടെ പ്രോഗ്രാം കമ്മിറ്റി ചെയർമാനായും സേവനമനുഷ്ഠിക്കുന്നു.

ഡബ്ലിയു. സി. സി. യുടെ ബോസ്സെ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഫസറായും സഭകളുടെ ദേശീയ കൗൺസിലിന്റെ (എൻ. സി. സി.) ദേശീയ വിഷയങ്ങളെക്കുറിച്ചുള്ള സെക്രട്ടറിയായും പ്രവർത്തിച്ചു.

ഗ്രന്ഥങ്ങൾ: The Silent Roots, ജനതകളുടെ പ്രകാശം, പ്രവാസത്തിന്റെ നാളുകൾ, റോമാ ലേഖന വ്യാഖ്യാനം

# വാങ്മുഖം

പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി അനേകർക്ക് ഗുരുവാണ്. ആ പ്രിയപ്പെട്ട ഗുരുവിന്റെ വാത്സല്യശിഷ്യനായ ഫാ. ഡോ. കെ. എം. ജോർജ് ആ മഹത്ജീവിതത്തെ വളരെ അടുത്തുനിന്നു കാണുകയും അദ്ദേഹത്തിന്റെ ദർശനങ്ങളെ ഏറെ മനസ്സിലാക്കുകയും ചെയ്ത ശിഷ്യനാണ്.

ഗുരുവിനെക്കുറിച്ചുള്ള ഏറ്റവും പ്രിയപ്പെട്ട ശിഷ്യന്റെ വാമൊഴി, വരമൊഴി സംവേദനങ്ങളാണ് ഇവിടെ സമാഹരിച്ചിരിക്കുന്നത്. വാമൊഴി സംവേദനങ്ങൾ റിക്കോർഡ് ചെയ്യുവാൻ തോന്നിയ നിമിഷങ്ങളെ ഓർത്ത് സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു.

ദൈവം നന്മായാണെന്നും നന്മയുള്ളിടത്തെല്ലാം ദൈവസാന്നിദ്ധ്യമുണ്ടെന്നും പഠിപ്പിച്ച ശ്രേഷ്ഠഗുരുവായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സജീവ സാന്നിദ്ധ്യം ഇപ്പോഴും അനുഭവിക്കുന്ന ഞങ്ങൾ ആ ഗുരുപാദങ്ങളിൽ ഈ ചെറിയ ദക്ഷിണ സമർപ്പിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ വെബ് എഡിഷൻ ദൈവതിരുനാമ മഹത്വത്തിനും സർവ്വസൃഷ്ടിയുടെയും നന്മയിലേയ്ക്കുള്ള നിറവിനും മുഖാന്തിരമായാൽ ഞങ്ങൾ ധന്യരായി.

ഗുരുപൂജയിൽ

**ജോയ്സ് തോട്ടയ്ക്കാട്**

തോട്ടയ്ക്കാട്

17-11-2005

“ദൈവം നന്മയാണ്. അവൻ മാത്രമാണു യഥാർത്ഥമായും പൂർണ മായും നന്മ. തിന്മയുടെ സങ്കലനം കൂടാതെ നന്മയാണവൻ. അവനിൽ സകല തിന്മയും അന്തർദ്ധാനം ചെയ്യുന്നു. അവനിൽ തിന്മയ്ക്കു യാതൊരു സ്ഥാനവുമില്ല – പ്രകാശത്തിൽ ഇരുട്ടിനു യാതൊരു സ്ഥാനവുമില്ലാത്ത തുപോലെതന്നെ. തിന്മ ചെയ്യാൻ അവനു കഴിയുകയില്ല. തിന്മ അവനിൽ നിന്നു വരുന്നില്ല. അവൻ അതിനെ സൃഷ്ടിച്ചില്ല. അവൻ തന്റെ സൃഷ്ടിക്കു സ്വാതന്ത്ര്യം നല്കി; ഒന്നിച്ചുതന്നെ സൃഷ്ടിക്കപ്പെട്ട നന്മയെ നിരാകരി ക്കാനുള്ള സ്വാതന്ത്ര്യം, അതുവഴി തിന്മയെ തെരഞ്ഞെടുക്കാനുള്ള സ്വാത ന്ത്ര്യവും. സൃഷ്ടിക്കപ്പെട്ട ഉണ്മയുടെതന്നെ നിഷേധമാണ് തിന്മ. നന്മയെ കൂടാതെ അതിനു തനിയെ നിലനില്പില്ല. സ്വാതന്ത്ര്യത്തിലാണ് തിന്മ യുടെ വേര്. പക്ഷേ തിന്മയ്ക്കു തനിയേ നിലനില്ക്കാൻ കഴിവില്ല. നന്മയോ ടുള്ള സമ്മിശ്രണത്തിലല്ലാതെ തിന്മയ്ക്കു നിലനില്പില്ല. നന്മയ്ക്കു മാത്രമേ സ്ഥിരമായ നിലനില്പുള്ളു. ഉണ്മയും നന്മയും വേർതിരിക്കാനാ വില്ല. ഏതെങ്കിലും വ്യക്തിത്വം നന്മയെ നിഷേധിക്കുകയും നിരാകരിക്കു കയും ചെയ്യുമ്പോൾ സ്വന്തം ഉണ്മയെത്തന്നെ നിഷേധിക്കലാണ് അത്. കാരണം, സൃഷ്ടിക്കപ്പെട്ട യഥാർത്ഥ വ്യക്തി, അതിന്റെ സ്രഷ്ടാവിനെ പ്പോലെ, നന്മയാണ്.

.... എല്ലാ നന്മയും അവനിൽ നിന്നു വരുന്നു. നന്മയായതെല്ലാം അവ നിൽ നിന്നു മാത്രമല്ല, അവന്റെ സാന്നിധ്യത്തിൽനിന്നു കൂടി വരുന്നു. എവിടെ നന്മയുണ്ടോ അവിടെ ദൈവസാന്നിദ്ധ്യവുമുണ്ട്. നന്മയെ വ്യത്യസ്ത വിശ്വാസങ്ങളിലും മതങ്ങളിലുംപ്പെട്ട ജനങ്ങളിലും, ദൈവ ത്തിൽ വിശ്വസിക്കുന്നില്ല എന്ന് അവകാശവാദം ഉന്നയിക്കുന്നവരിലും, പക്ഷികളിലും, മൃഗങ്ങളിലും, വൃക്ഷങ്ങളിലും പൂക്കളിലും, പർവതങ്ങ ളിലും, നദികളിലും, വായുവിലും ആകാശത്തിലും, സൂര്യനിലും ചന്ദ്ര നിലും, ശില്പങ്ങളിലും ചിത്രരചനയിലും, സംഗീതത്തിലും കലയിലും, ശിശുവിന്റെ പുഞ്ചിരിയിലും ജ്ഞാനിയുടെ ബുദ്ധിയിലും, പ്രഭാതത്തിന്റെ അരുണിമയിലും സൂര്യാസ്തമയത്തിന്റെ വർണ്ണശബളിമയിലും, എവിടെ കാണപ്പെട്ടാലും ഞാൻ പ്രണമിക്കുന്നു. നന്മ എവിടെയോ അവിടെയാണു ദൈവരാജ്യം.”

**– പൗലോസ് മാർ ഗ്രിഗോറിയോസ്**

(അന്ത്യ സന്ദേശത്തിൽ നിന്ന്)



# ദളം 1

# വരമൊഴികൾ

“തിരുമേനിയുടെ വ്യക്തിപ്രഭാവം നാൾ ചെല്ലുന്തോറും കൂടുതൽ കൂടുതൽ നമുക്ക് വ്യക്തമായിക്കൊണ്ടിരിക്കും. അദ്ദേഹം സാധാരണക്കാർക്ക് അഗമ്യനാണെന്നും അദ്ദേഹത്തിന്റെ ആശയങ്ങൾ വലിയ ബുദ്ധിമതികൾക്കേ മനസ്സിലാവൂ എന്നും ഒരു ധാരണ പൊതുവെ പരന്നിട്ടുണ്ട്. ഇത് ശരിയല്ല. കാര്യങ്ങൾ ഏറ്റവും വ്യക്തമായി മനസ്സിലാകുകയും അത് അങ്ങേയറ്റം സുവ്യക്തമായി പ്രകടിപ്പിക്കുകയും ചെയ്യുന്ന ഒരു അപൂർവ്വ പ്രതിഭയാണ് അദ്ദേഹത്തിന്റേത്. തിരുമേനി ഏറ്റവും ഹൃദ്യമായും ലളിതമായും ഇടപെടുന്നത് കൊച്ചുകുട്ടികളോടാണ്. പുതിയ കാര്യങ്ങൾ മനസ്സിലാക്കാൻ ശിശുതുല്യമായ കൗതുകത്തോടു കൂടി വരുന്ന ആരെയും പഠിപ്പിക്കാൻ തിരുമേനി തയാറായിരുന്നു.

വളരെ ആർദ്രതയും സ്നേഹവുമുള്ള ലളിത ഹൃദയനായിരുന്നു ഗ്രീഗോറിയോസ് തിരുമേനി. പക്ഷേ പുറമെ അതൊന്നും അങ്ങനെ കാണിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് കിഴക്കും പടിഞ്ഞാറുമെല്ലാം വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ടു അദ്ദേഹം. ഉയർന്ന ചില അഗ്നിപർവതങ്ങൾ എപ്പോഴും മഞ്ഞു മൂടിക്കിടക്കും. എന്നാൽ ഉള്ള് നിറയെ ഉരുകിത്തിളയ്ക്കുകയായിരിക്കും. നൂറ്റാണ്ടുകൾ കൂടുമ്പോഴായിരിക്കും അതിന്റെ ഊഷ്മളത പുറത്തുള്ളവർ അറിയുന്നത്. ഏതാണ്ട് അതുപോലെയായിരുന്നു തിരുമേനിയുടെ പെരുമാറ്റവും. അപൂർവ്വയുഗങ്ങളിൽ മാത്രം നമുക്ക് ലഭിക്കുന്ന ഒരു വിശിഷ്ട സമ്മാനമായി അദ്ദേഹത്തെ നാം കരുതണം.”

(ഫാ. സി. സി. ചെറിയാൻ രചിച്ച ‘മാർ ഗ്രീഗോറിയോസ് ഓർമ്മയുടെ തീരങ്ങളിൽ’ എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ നിന്ന്)

# 1

# പുതിയ മാനവികതയ്ക്കു വേണ്ടിയുള്ള അന്വേഷണം

പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ചിന്തയും ദർശനവും മനസ്സിലാക്കുക അത്ര സുഗമമായ കാര്യമല്ല, കാരണം അദ്ദേഹത്തിന്റെ ചിന്ത സ്പർശിക്കുന്ന മേഖലകളുടെ വൈവിദ്ധ്യവും സങ്കീർണ്ണതയും പുതുമയും തന്നെ. ക്രൈസ്തവ ദൈവവിജ്ഞാനീയം, ആധുനിക പാശ്ചാത്യ ദർശനം, ഹൈന്ദവ – ബൗദ്ധ ദർശനങ്ങൾ, ആധുനിക ശാസ്ത്രത്തിന്റെ ദർശനം, ശാസ്ത്ര സാങ്കേതിക വിദ്യകളുടെ ഏറ്റവും പുതിയ ഗവേഷണഫലങ്ങൾ, ഇന്ത്യയുടെ രാഷ്ട്രമീമാംസ, അന്താരാഷ്ട്ര സാമ്പത്തിക വ്യവസ്ഥ, ലോകസമാധാനവും നിരായുധീകരണവും, മാർക്സിസ്റ്റു ദർശനവും സമ്പദ്‌വ്യവസ്ഥയും, മനോവിജ്ഞാനീയത്തിലെ പുതിയ നീക്കങ്ങൾ, വിദ്യാഭ്യാസ ദർശനം, സംസ്കാരങ്ങളുടെ സംഗമപ്രക്രിയ തുടങ്ങി അദ്ദേഹത്തിന് താല്പര്യമില്ലാത്ത വിഷയങ്ങൾ ഒന്നും തന്നെയില്ലെന്നു പറയാം. താല്പര്യമെന്നു പറഞ്ഞാൽ വെറും ഉപരിപ്ലവമായ കൗതുകവും അറിവുമല്ല അദ്ദേഹത്തിനുള്ളത്. മുകളിൽ പറഞ്ഞ വിഷയങ്ങളിലൊക്കെ അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ചിട്ടുള്ള പണ്ഡിതന്മാരും വിദഗ്ദ്ധന്മാരുമടങ്ങിയ സദസ്സുകളിൽ ആധികാരികമായ ഉൾക്കാഴ്ചയോടെ സംസാരിക്കുന്ന വ്യക്തിയാണ് മാർ ഗ്രീഗോറിയോസ്.

പാരമ്പര്യത്തിന്റെ വേരുകളെക്കുറിച്ചുള്ള ആഴമേറിയ അവബോധം നിലനിർത്തിക്കൊണ്ടുതന്നെ വിജ്ഞാനത്തിന്റെ ഏറ്റവും പുതിയ മേച്ചിൽസ്ഥലങ്ങൾ തേടി നിരന്തരം നീങ്ങുന്ന മനസ്സാണ് അദ്ദേഹത്തിന്റേത്. മതത്തിന്റെയോ പ്രത്യേകമൊരു പ്രത്യയശാസ്ത്രത്തിന്റെയോ പരമ്പരാഗതമായ അതിരുകൾക്കുള്ളിൽ ഒതുങ്ങുന്നതല്ല ആ പ്രതിഭ. ക്രിസ്തീയസാരം ഗ്രഹിച്ചു വിശ്വാസത്തിന്റെയും ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെയും പരിപോഷണം സ്വീകരിച്ചുകൊണ്ടു തന്നെ എല്ലാ ആത്മീയ – ബൗദ്ധിക മേഖലകളിലും നിർഭയം കയറിചെല്ലുന്ന ധീരമായ പ്രതിഭയാണത്. ഇത്രയും ധൈര്യവും ആത്മവിശ്വാസവും ബൗദ്ധികതലത്തിൽ കാണിക്കുന്നവർ അതിവിരളമാണ്. പലരും തെറ്റിദ്ധരിക്കും; കാരണം നാം സാധാരണ കാണുന്ന 'വലിയ മനുഷ്യൻ' എല്ലാം ഏതെങ്കിലുമൊരു പ്രത്യേക സിദ്ധാന്തത്തിന്റെയോ പ്രത്യയശാസ്ത്രത്തിന്റെയോ സംഘടനയുടേയോ സ്ഥാപനത്തിന്റേയോ വക്താക്കളായിട്ടാണ് അറിയപ്പെടുന്നത്. അതുകൊണ്ട് മെത്രാപ്പോലീത്തായെ മനസ്സിലാക്കുക എളുപ്പമല്ല. മാർക്സിസ്റ്റ് സാമ്പത്തികചിന്തയെ

അവതരിപ്പിക്കുവാനും വിശകലനം ചെയ്യുവാനും അദ്ദേഹത്തിനു കഴിയും. പക്ഷേ അദ്ദേഹം മാർക്സിസ്റ്റല്ല. അറിയപ്പെടുന്ന ചില ശാസ്ത്രജ്ഞന്മാരേക്കാൾ ഭംഗിയായി അവരുടെ സിദ്ധാന്തങ്ങൾ പ്രതിപാദിക്കാൻ മെത്രാപ്പോലീത്തായ്ക്കു സാധിക്കും. പക്ഷേ അദ്ദേഹം ശാസ്ത്രജ്ഞനല്ല. മാത്രവുമല്ല ആ ശാസ്ത്രസിദ്ധാന്തങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന ദർശനത്തെ അദ്ദേഹം വിമർശനപൂർവ്വമായിരിക്കും വീക്ഷിക്കുന്നതും. ഇങ്ങനെ എല്ലാ ബൗദ്ധിക മണ്ഡലങ്ങളിലെയും സങ്കീർണ്ണമായ സംഗതികൾ ഗ്രഹിക്കുന്നതിനും ശുദ്ധവും സുഭഗവുമായ ഭാഷയിൽ അവയെ വ്യാഖ്യാനിക്കുന്നതിനും അനുപമമായ കഴിവാണ് അദ്ദേഹത്തിനുള്ളത്. ഏതെങ്കിലുമൊരു പരിമിതമായ വൃത്തത്തിനുള്ളിൽ അദ്ദേഹത്തെ തളയ്ക്കാനാവില്ല. പക്ഷേ പരിമിതപ്രജ്ഞരായ പലരും അദ്ദേഹത്തെ തങ്ങളുടെ ഇടുങ്ങിയ കാഴ്ചപ്പാടിലൂടെ കണ്ട് ലേബലൊട്ടിക്കുക സാധാരണമാണ്; ഇന്ത്യയിലും വിദേശത്തും.

സ്വതന്ത്രവും സർഗ്ഗാത്മകവുമായ ഒരു പുതിയ മാനവികതയ്ക്കു വേണ്ടിയുള്ള അന്വേഷണം മാർ ഗ്രീഗോറിയോസിന്റെ ചിന്തയുടെ അടിസ്ഥാന ശിലകളിലൊന്നാണ്. പൗരസ്ത്യ ക്രിസ്തീയ ദർശനത്തിൽ നിന്നാണ് മറ്റു പലതിലുമെന്നതുപോലെ ഇക്കാര്യത്തിലും അദ്ദേഹം പ്രചോദനം ഉൾക്കൊള്ളുന്നത്. മനുഷ്യന്റെ സ്വാതന്ത്ര്യം, മാനവരാശിയുടെ ദിവ്യമായ ഭാഗധേയം എന്നിവയെക്കുറിച്ച് പൗരസ്ത്യ ക്രിസ്തീയ ചിന്തകനായിരുന്ന നിസ്സായിലെ വിശുദ്ധ ഗ്രീഗോറിയോസ് ആവിഷ്ക്കരിച്ച ആശയങ്ങൾ പൗലോസ് മാർ ഗ്രീഗോറിയോസിന് മാർഗ്ഗദർശകങ്ങളാണ്.

മനുഷ്യരാശിയുടെ മാദ്ധ്യമിക സ്വഭാവം, അതായത് ഇന്ദ്രിയാധിഷ്ഠിതവും അതീന്ദ്രിയവുമായ വ്യത്യസ്ത യാഥാർത്ഥ്യതലങ്ങളെ സംയോജിപ്പിച്ച് അവയുടെ രണ്ടിന്റെയും പൊതുവായ അതിരിൽ നിലകൊള്ളുവാനുള്ള ചുമതലയും കഴിവും, മനുഷ്യസ്വാതന്ത്ര്യത്തിന്റെ ആണിക്കല്ലാണ്. ഈ രണ്ടു യാഥാർത്ഥ്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന ശരീരത്തിന്റെയും ആത്മാവിന്റെയും സമഞ്ജസമായ മേളനമാണ് മനുഷ്യവ്യക്തിയിൽ കാണുന്നത്. രണ്ടിന്റെയും അതിരിൽ നിലകൊള്ളുന്നതുകൊണ്ട് ഒന്നിനെ ഉപേക്ഷിച്ച് മറ്റൊന്നിലേക്കു പൂർണ്ണമായി തിരിയാൻ മനുഷ്യന് സ്വാതന്ത്ര്യമുണ്ട്. അതുപോലെ തന്നെ രണ്ടിനെയും സമ്യക്കായി കണ്ടുകൊണ്ട്, സർഗ്ഗാത്മകമായ സംശ്ലേഷണത്തിൽ രണ്ടിനെയും നിലനിർത്താനും മനുഷ്യനു കഴിയും. ഇനിയും രണ്ടു തലങ്ങളെയും ഏകോപിപ്പിച്ച് ആരാധനയിൽ ദൈവസന്നിധിയിലേക്കുയർത്തുവാനും സാധിക്കും. ആരോഗ്യകരമായ ആ ക്രിസ്തീയാദ്ധ്യാത്മികതയിൽ ഈ മൂന്നു സാദ്ധ്യതകളും ഒരുപോലെ നിർത്താനുള്ള ചുമതല 'അതിർത്തിജീവി'യായ മനുഷ്യനുണ്ടെന്നു മാർ ഗ്രീഗോറിയോസ് കരുതുന്നു.

ഇവിടെ തന്റെ ചിന്തയ്ക്ക് സുദൃഢമായ അടിസ്ഥാനം മാർ ഗ്രീഗോറിയോസ് കാണുന്നു. അതു മറ്റൊന്നുമല്ല; ദൈവപുത്രനായ യേശുവിന്റെ മനുഷ്യാവതാരം. അവതീർണ്ണനായ ക്രിസ്തു അതുല്യമായ മാദ്ധ്യമിക സ്വഭാവം ഉൾക്കൊള്ളുന്നു. ഒരേസമയം ദൈവവും മനുഷ്യനുമായവൻ, ഒരേ സമയം ഇന്ദ്രിയാനുഭവവിധേയനും ഇന്ദ്രിയാതീതനുമായവൻ, ഒരേ സമയം മണ്ണിന്റെയും വിണ്ണിന്റെയും പ്രതീകം, ദൃശ്യവും അദൃശ്യവുമായ സകലത്തേയും സൃഷ്ടിതവും അസൃഷ്ടിതവുമായ യാഥാർത്ഥ്യത്തെ മുഴുവൻ ഏകതാനമായും താളനിബദ്ധമായും തന്നിൽ സംവഹിക്കുന്നവൻ, ഇതാണു വചനം ശരീരമായിത്തീർന്ന നസ്രായനായ യേശു. സമ്പൂർണ്ണമായ അർത്ഥത്തിൽ യേശുക്രിസ്തുവാണ് യഥാർത്ഥ മാദ്ധ്യമികനായ അതിർത്തിജീവി.

അനുപമമായ വിവക്ഷകൾ ഉൾക്കൊള്ളുന്നതാണ് യേശുക്രിസ്തുവിന്റെയും ക്രിസ്തുവിൽ വേരൂന്നിയ മനുഷ്യത്വത്തിന്റെയും മാദ്ധ്യമിക ഭാവം. മാർ ഗ്രീഗോറിയോസിന്റെ പരസ്പര വിഭിന്നങ്ങളെന്ന് ചിലപ്പോൾ ചിലർക്ക് തോന്നാവുന്ന വിവിധ ചിന്താസരണികളെ കോർത്തിണക്കുന്ന ഒരു ചരടാണ് മാദ്ധ്യമികാവബോധത്തിൽ വേരൂന്നിയ സ്വതന്ത്രവും സർഗ്ഗപ്രവണവുമായ മാനവികതയ്ക്കുവേണ്ടിയുള്ള നിസ്തന്ദ്രമായ അന്വേഷണം.

അധീശത്വ (Mastery) ബോധവും ആവൃതസത്യാ (Mystery) വബോധവും മാനവസംസ്കാരത്തിന് നിയാമകങ്ങളായ രണ്ടു ധ്രുവങ്ങളാണ്. ആധുനികശാസ്ത്ര സാങ്കേതിക വിദ്യയുടെയും അതിൽ അധിഷ്ഠിതമായ 'സെക്കുലർ' സംസ്കാരത്തിന്റെയും പ്രധാന ലക്ഷ്യങ്ങളിലൊന്ന് മനുഷ്യന് സൃഷ്ടിയുടെമേൽ സമ്പൂർണ്ണമായ അധീശത്വം നേടിക്കൊടുക്കുകയെന്നതാണ്. തത്വത്തിൽ ഇതിൽ തെറ്റൊന്നുമില്ല. കാരണം മനുഷ്യസ്വാതന്ത്ര്യത്തിന്റെ പ്രയോഗത്തിൽ തന്നെ അന്തർഭവിക്കുന്നതാണിത്. ബാഹ്യസമ്മർദ്ദങ്ങളിൽനിന്ന് മോചനം പ്രാപിച്ച്, സ്വയം തീരുമാനമെടുക്കുവാനുള്ള കഴിവ് മനുഷ്യസ്വാതന്ത്ര്യത്തിന്റെ അവിഭാജ്യഘടകമാണ്. പക്ഷേ ഈ അധീശത്വക്ഷമത മനുഷ്യൻ എപ്പോഴും മനുഷ്യരാശിയുടെയും ഇതര സൃഷ്ടിയുടെയും ഏറ്റവും വലിയ നന്മയ്ക്കു വേണ്ടിയാണോ ഉപയോഗിക്കുന്നത് എന്ന ചോദ്യം പ്രസക്തമാണ്. മാർക്സ്, ഹാബർമാസ്, ഹൈഡഗ്ഗർ എന്നീ പ്രമുഖ ജർമ്മൻ ചിന്തകരുടെ ദർശനത്തെ വിശകലനം ചെയ്ത് മാർ ഗ്രീഗോറിയോസ് വിമർശനപരമായ നിരവധി ചോദ്യങ്ങൾ ഇവിടെ ഉന്നയിക്കുന്നു.

മനുഷ്യൻ സ്വാതന്ത്ര്യം നേടുന്നതുമൂലം സൃഷ്ടി മുഴുവനും വിമോചനം പ്രാപിച്ച്, ദൈവതേജസ്സിൽ പങ്കാളിയാവണം എന്നാണ് ക്രിസ്തീയദർശനം. എന്നാൽ സൃഷ്ടിയുടെമേൽ ഇന്നു മനുഷ്യൻ നേടിയിരിക്കുന്ന സാങ്കേ

തീകാധീശത്വം ഈ സ്വാതന്ത്ര്യത്തിലേക്ക് മനുഷ്യനേയും പ്രപഞ്ചത്തേയും നയിക്കുന്നുണ്ടോ? കൂടുതൽ കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതി പ്രതിസന്ധി മനുഷ്യന്റെ അധീശത്വശേഷിയുടെ തെറ്റായ ഉപയോഗത്തെയല്ലേ കാണിക്കുന്നത്.

മനുഷ്യസ്വാതന്ത്ര്യത്തിന്റെ അടയാളങ്ങളിലൊന്നായ അധീശത്വശേഷി മനുഷ്യൻ നേരായവിധത്തിൽ ഉപയോഗിച്ചാൽ, അവൻ ചെന്നെത്തുന്നത് ആവൃതസത്യത്തെക്കുറിച്ചുള്ള അഗാധമായ ഉൾക്കാഴ്ചയിലേക്കായിരിക്കും. മാർ ഗ്രീഗോറിയോസിന് പ്രിയങ്കരമായ ഒരു വേദപുസ്തക വ്യാഖാനമനുസരിച്ച്, ദൈവസന്നിധിയിൽ സന്നിഹിതനായിരിക്കുന്ന ദിവ്യസമിതിയിലേക്കുള്ള ഉപനയനമാണ് ആവൃത സത്യാവബോധമെന്നത്. സകലത്തിന്റെയും സാരവും, സർവ്വത്തെയും പരിപോഷിപ്പിക്കുന്നതുമായ ദിവ്യരഹസ്യത്തിൽ പങ്കാളിയാവുകയാണ് മനുഷ്യന്റെ ആത്യന്തിക ഭാഗധേയം. അസ്തിത്വത്തിന്റെ വേരുകൾ യഥാർത്ഥത്തിൽ ഈ പങ്കാളിത്തത്തിലാണ്. ദൈവരാജ്യത്തിന്റെ നിഗൂഢതകൾ നമുക്ക് പൂർണ്ണമായി വെളിപ്പെടുത്തുന്നത് ദൈവത്തിന്റെ സന്നിധിയിൽ നിലകൊള്ളുന്ന ദിവ്യസഭയിലേക്ക് നാം ഉപനീതരാവുമ്പോഴാണ്. ആധുനിക ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും സാദ്ധ്യതകൾ നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ള മാർ ഗ്രീഗോറിയോസിന് അവയെക്കുറിച്ചുള്ള പ്രധാന വിമർശനം അവ പലപ്പോഴും ആവൃതസത്യത്തിന്റെ സമൃദ്ധമായ ആന്തരീക മാനങ്ങളിലേക്ക് മനുഷ്യനെ നയിക്കാൻ മടി കാണിക്കുന്നു എന്നതാണ്. അധീശത്വവും, ആവൃതസത്യാവബോധവും ഒരുപോലെ സർഗ്ഗാത്മകമായ വർത്തനപ്രതിവർത്തനത്തിൽ മനുഷ്യരാശിയിൽ നിലനിന്നെങ്കിൽ മാത്രമേ മനുഷ്യന് തന്റെ മാദ്ധ്യമ ശേഷിയെ ശരിയായി ഉപയോഗിക്കാനാവൂ.

ആധുനിക ശാസ്ത്രദർശനത്തെക്കുറിച്ചുള്ള ഗാഢമായ അറിവും, ശാസ്ത്രീയ സംസ്കാരവും മതവിശ്വാസവും തമ്മിലുള്ള ബന്ധവും മാർ ഗ്രീഗോറിയോസിന്റെ ചിന്തയിൽ തെളിഞ്ഞു നില്ക്കുന്ന ഘടകങ്ങളാണ്. ഈ വിഷയങ്ങളിൽ അദ്ദേഹം നടത്തിയിട്ടുള്ള നിരവധി പഠനങ്ങൾ ഇവിടെ വിശദമാക്കാനാവില്ല. യാഥാർത്ഥ്യത്തോട് വിവിധ സമീപനങ്ങൾ സാദ്ധ്യമാണെന്നും അവയിൽ ഒന്നു മാത്രമാണ് നമ്മുടെ പുതിയ ശാസ്ത്രവും സാങ്കേതികവിദ്യയും ആവിഷ്കരിക്കുന്ന സമീപനം എന്നും മാർ ഗ്രീഗോറിയോസ് എടുത്തു പറയുന്നു. ശാസ്ത്രീയ സംസ്കാരത്തിന്റെ പരിമിതിയും സാധ്യതയും ഒരുപോലെ അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. മനുഷ്യയാഥാർത്ഥ്യത്തിന്റെ ആഴമേറിയ തലങ്ങളിലേക്ക് ഉൾക്കാഴ്ച നല്കുന്ന ഹൈന്ദവ - ബൗദ്ധ - താവോ ദർശനങ്ങൾ ഇന്നു പല പാശ്ചാത്യ ബുദ്ധിജീവികൾക്കും ആകർഷണീയമാണ്. കാരണം പാശ്ചാത്യ സംസ്കാരത്തിൽ ഏതാണ്ട് നഷ്ടീഭൂതമായ അതീന്ദ്രിയതയുടെയും സത്യാനുഭൂതി

യുടെയും സങ്കീർണ്ണതകളിലേക്ക് ഈ പൗരസ്ത്യദർശനങ്ങൾ നമ്മെ നയിക്കുന്നു. പൗരസ്ത്യ ഓർത്തഡോക്സ് ക്രൈസ്തവ സംസ്കാരത്തിന്റെയും ഭാരതീയ ആദ്ധ്യാത്മിക ദാർശനിക പാരമ്പര്യത്തിന്റെയും ആധുനിക പാശ്ചാത്യ ദർശനത്തിന്റെയും പരിലാളനം ലഭിച്ചിട്ടുള്ള മാർ ഗ്രീഗോറിയോസിന്റെ പ്രതിഭ ഈ ത്രിദർശനങ്ങളെയും സമന്വയിപ്പിച്ച് യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഒരു സാകല്യദർശനത്തിലെത്താൻ യത്നിക്കുന്നു.

ആധുനിക ശാസ്ത്രത്തിന്റെ സ്വഭാവത്തെക്കുറിച്ച് മൗലികമായ ചില വിചിന്തനങ്ങൾ മാർ ഗ്രീഗോറിയോസിന്റെ കൃതികളിൽ കാണാം. ചോദ്യം ചെയ്യപ്പെടാത്ത ശാസ്ത്രീയ സത്യങ്ങളെന്ന് കരുതപ്പെട്ടിരുന്ന ചില തത്വങ്ങളും അടുത്ത കാലത്തായി ചോദ്യം ചെയ്യപ്പെട്ടു തുടങ്ങി. ഉദാഹരണമായി, ശാസ്ത്രീയ സത്യങ്ങൾ എപ്പോഴും മുൻവിധിയിൽ നിന്ന് സ്വതന്ത്രവും സമ്പൂർണ്ണവുമായ വസ്തുനിഷ്ഠയിൽ ഊന്നിയതുമാണെന്ന് ശാസ്ത്രം പഠിപ്പിക്കുന്നു. എന്നാൽ ന്യൂക്ലിയർ ഫിസിക്സിലും മറ്റും നടക്കുന്ന പുതിയ ഗവേഷണങ്ങൾ 'ശാസ്ത്രീയമായ വസ്തുനിഷ്ഠത'യെപ്പറ്റി പുതിയ ചോദ്യങ്ങൾ ഉന്നയിക്കുന്നു. ഗവേഷകന്റെ ആത്മനിഷ്ഠമായ മുൻവിധികളും ഗവേഷണ മാധ്യമങ്ങളും ഒരു തരത്തിൽ ഗവേഷണഫലത്തെ സ്വാധീനിക്കുന്നു. അപ്പോൾ ശാസ്ത്രസത്യത്തിന്റെ സ്വഭാവം കേവലവും ശുദ്ധവുമാണെന്ന ചിന്തയ്ക്കെതിരെ ചോദ്യചിഹ്നങ്ങളുയരുന്നു.

പാശ്ചാത്യ ശാസ്ത്രീയ ഗവേഷണത്തിൽ അന്തർഭവിച്ചിരിക്കുന്ന സത്യദർശനം പലപ്പോഴും ഭാഗികവും അതിന്റെ വിജ്ഞാന വിമർശനം സങ്കുചിതവുമാണെന്ന് മാർ ഗ്രീഗോറിയോസ് വ്യക്തമാക്കുന്നു. ഞാൻ സ്വയത്തെയും ലോകത്തെയും ദൈവത്തെയും അറിയാനുപയോഗിക്കുന്ന മാർഗ്ഗങ്ങൾ ഭിന്നങ്ങളാണെങ്കിലും പരസ്പരബന്ധിതങ്ങളാണ്. ആധുനിക ശാസ്ത്രം ഈ ബന്ധത്തെ ഇതുവരെ ഗ്രഹിച്ചിട്ടില്ല. വസ്തുനിഷ്ഠമായ ലോകത്തെ മാത്രമാണ് ശാസ്ത്രം വിശകലനം ചെയ്യുന്നത്. അതിൽനിന്നു വസ്തുനിഷ്ഠമായ അറിവു ലഭിക്കുമെന്നും ശാസ്ത്രം കരുതുന്നു. എന്നാൽ ഈ അറിവ് ഭാഗികമാണ്. കാരണം, അതിന്റെ ആത്യന്തിക തലത്തിൽ മനുഷ്യന്റെ 'സ്വയ'ത്തോടും ഈശ്വരസത്തയോടും ബന്ധപ്പെട്ടിരിക്കുന്നു. സത്യത്തിന്റെ കൂടുതൽ സമ്പൂർണ്ണമായ അനാവരണം സംഭവിക്കണമെങ്കിൽ, ശാസ്ത്രം അതിന്റെ വിജ്ഞാന മേഖലയും, ജ്ഞാനഗ്രഹണ മാദ്ധ്യമങ്ങളും വികസിപ്പിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ ശാസ്ത്രം കാലദേശസംസ്കാര പരിമിതികളിൽ നിന്ന് വിമുക്തമല്ല. ശാസ്ത്രത്തെയും അതിന്റെ ഗവേഷണത്തേയും നിയന്ത്രിക്കുന്നത് പലരും വിചാരിക്കുന്നതുപോലെ ശുദ്ധമായ സത്യാന്വേഷണപരതയല്ല. നേരെമറിച്ച് പ്രത്യയശാസ്ത്രങ്ങളും സാമ്പത്തിക-രാഷ്ട്രീയ താല്പര്യങ്ങളും സൈനികാവശ്യങ്ങളുമാണ് ഇന്ന് പ്രധാനമായും ശാസ്ത്രത്തിന്റെ ഏറ്റവും നിർണ്ണായ

കമായ ശക്തികൾ.

ശാസ്ത്രവും മതദർശനങ്ങളും തമ്മിലുള്ള ആഴമായ ഒരു സംവാദം പുതിയ മാനവീയതയുടെ അടിയന്തിരമായ ആവശ്യമാണ്. 'സെക്കുലർ ഹ്യൂമനിസം' എന്നു പൊതുവെ വിളിക്കപ്പെടുന്ന ചിന്തയുടെ അടിസ്ഥാനം ആധുനികശാസ്ത്രീയ ചിന്തയാണെന്ന് പലരും കരുതുന്നു. എന്നാൽ ഒരു പ്രത്യേകതരം യുക്തിബോധത്തിന്റെയും ഉപരിപ്ലവമായ ശാസ്ത്രീയതയുടെയും അടിസ്ഥാനത്തിൽ ഭദ്രമായ ഒരു സാംസ്കാരിക പരിതോവസ്ഥ സൃഷ്ടിക്കാനാവില്ല. പരമ്പരാഗതമായ മതവിശ്വാസങ്ങളും ആധുനിക ശാസ്ത്രീയ ചിന്തയും അതാതിന്റെ അടിസ്ഥാനങ്ങളെക്കുറിച്ച് വിമർശനാത്മകമായി വിമർശനം നടത്തുകയും ചലനാത്മകവും സമഗ്രവുമായ ഒരു മാനുഷികത എന്താണെന്ന് ഒരുമിച്ച് അന്വേഷിക്കുകയും ചെയ്താൽ, ഒരു പുതിയ ആരോഗ്യകരമായ സംസ്കാരം ഒരുപക്ഷേ ഉരുത്തിരിഞ്ഞേക്കാമെന്നു മാർ ഗ്രീഗോറിയോസ് കരുതുന്നു.

ഈ ഉൾക്കാഴ്ചയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം നമ്മുടെ രാജ്യത്തിന്റെ വ്യക്തിത്വത്തെപ്പറ്റിയുള്ള ചോദ്യം ഉന്നയിക്കുന്നത്. നെഹ്റുവിന്റെ കാലം മുതൽ 'മതേതര'മെന്നു വിളിക്കപ്പെടുന്ന ഒരു പ്രത്യേക പാശ്ചാത്യ സാംസ്കാരിക മൂല്യത്തെ ഇൻഡ്യയുടെ രാഷ്ട്രീയത്തനിമയുടെ അടിസ്ഥാനമാക്കി മാറ്റാനുള്ള ശ്രമം നടക്കുന്നുണ്ട്. 'സെക്കുലറിസം' എന്നു ഇംഗ്ലീഷിൽ വിളിക്കുന്ന 'മതേതരത്വം' എന്ന തത്വമുപയോഗിച്ച് മതങ്ങളും വിവിധ വിശ്വാസപ്രമാണങ്ങളും സൃഷ്ടിക്കുന്ന പ്രതിസന്ധികളിൽ നിന്ന് ഇൻഡ്യയെ രക്ഷിക്കാനാണ് നമ്മുടെ ഭരണാധികാരികൾ ശ്രമിച്ചത്. വിവിധ മതങ്ങളും വിശ്വാസങ്ങളും ഇൻഡ്യയുടെ രാഷ്ട്രീയ അഖണ്ഡതയ്ക്ക് ഭീഷണിയാണെന്നാണ് ഭരണവൃത്തങ്ങളിൽ പൊതുവെ കരുതപ്പെടുന്നത്. പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച ഇൻഡ്യയിലെ ഒരു നല്ല പങ്ക് ബുദ്ധിജീവികളും ഈ ധാരണയെ അനുകൂലിക്കുന്നവരാണ്. മതങ്ങളെ സൗകര്യപ്രദമായ അകലത്തിൽ നിർത്താൻ 'മതേതരത്വ ജനാധിപത്യം' എന്ന ആശയം പലപ്പോഴും ഉപയോഗിക്കാറുണ്ട്.

വളരെ പ്രഗൽഭമായ ഒരു ചരിത്ര സാംസ്കാരിക വിശകലനത്തിലൂടെ 'മതേതരത്വരാഷ്ട്രം' (Secular state) എന്ന ആശയം, പാശ്ചാത്യ സംസ്കാരത്തിൽ ഉരുത്തിരിഞ്ഞ 'Enlightenment' എന്ന യുക്തിപ്രസ്ഥാനത്തിന്റെ സന്താനമാണെന്ന് മാർ ഗ്രീഗോറിയോസ് തെളിയിക്കുന്നു. 'കഴിഞ്ഞ രണ്ടു ദശകങ്ങളിൽ ഇൻഡ്യയിൽ ഉണ്ടായ ഏറ്റം പ്രധാന കൃതി' എന്ന് ഇൻഡ്യയിലെ പ്രശസ്തനായ ഒരു പണ്ഡിതൻ പുകഴ്ത്തിയ Enlightenment East and West (1989) എന്ന തന്റെ പുസ്തകത്തിൽ മാർ ഗ്രീഗോറിയോസ് ഇൻഡ്യയുടെ രാഷ്ട്രീയ സാംസ്കാരിക ഭാവിയ്ക്ക് രൂപരേഖകൾ നല്കുന്നു.

യൂറോപ്പിൽ ശാസ്ത്രീയ സാങ്കേതിക സംസ്കാരത്തിന് അടിത്തറയായി ത്തീർന്ന 'ബോധദീപ്തി' പ്രസ്ഥാനം (Enlightenment Movement) ഇൻഡ്യ യുടെ സംസ്കാരത്തിൽ വേരോടുകയില്ലെന്നും അതുകൊണ്ട് ആ പ്രസ്ഥാ നത്തിന്റെ ഫലങ്ങളിലൊന്നായ 'മതേതരത്വം' നമ്മുടെ രാഷ്ട്രത്തിനു കാര്യ മായ സംഭാവനയൊന്നും നൽകാനിടയില്ലെന്നും അദ്ദേഹം കരുതുന്നു. എന്നാൽ ഇൻഡ്യയിൽ ബുദ്ധമതത്തിന്റെ ആരംഭം മുതലെങ്കിലും ഉരു ത്തിരിഞ്ഞ ഒരു 'ബോധദീപ്തി' പ്രസ്ഥാനം ഉണ്ടെന്നും, യൂറോപ്യൻ പ്രസ്ഥാനത്തേക്കാൾ സമ്പന്നവും സർഗ്ഗാത്മകവുമാണ് ആ ചിന്താധാര യെന്നും മാർ ഗ്രീഗോറിയോസ് വ്യക്തമാക്കുന്നു. നമ്മുടെ രാജ്യത്ത് വിവിധ മതങ്ങൾ നല്കുന്ന ആത്മീക സംസ്കാരത്തെ സമന്വയിക്കുന്നതിനും, കൂടുതൽ സമഗ്രവും ക്രിയാത്മകവുമായ ഒരു രാഷ്ട്രീയ സാംസ്കാരി കാന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഇൻഡ്യയുടേതായ ബോധോദ്ദീപന പ്രസ്ഥാനം സഹായിക്കുമെന്നും അദ്ദേഹം പഠിപ്പിക്കുന്നു. ആധുനിക ശാസ്ത്ര - സാങ്കേതിക വിദ്യകളുടെ സർഗ്ഗാത്മകവശങ്ങളെയും നമ്മുടെ ആദ്ധ്യാത്മിക സമ്പത്തിനെയും അനുരഞ്ജിപ്പിച്ച് ഒരു പുതിയ മനുഷ്യ സമൂഹം കെട്ടിപ്പടുക്കുന്നതിന് നമ്മെ സഹായിക്കുന്ന ഒരു വിശകലനമാണ് മാർ ഗ്രീഗോറിയോസ് നടത്തുന്നത്.

വിജ്ഞാനത്തിന്റെ നിരന്തരം വികസ്വരമാകുന്ന പ്രപഞ്ചത്തെ നിരീ ക്ഷിച്ചും മനനം ചെയ്തും ചൈതന്യം ആർജ്ജിക്കുന്ന മാർ ഗ്രീഗോറി യോസിന്റെ ചിന്തകൾ ചലനാത്മകമാണ്. അതുകൊണ്ട് അവയെക്കുറി ച്ചുള്ള സമ്പൂർണ്ണമായ ഒരു പഠനം ഇപ്പോൾ അസാദ്ധ്യമാണ്. അപ്രമേയ മായ ശക്തിയോടെ കത്തിജ്വലിക്കുന്ന ഒരു അഗ്നികുണ്ഡത്തിൽനിന്ന് ചിത റിത്തെറിക്കുന്ന ചില സ്ഫുലിംഗങ്ങൾ മാത്രമെ സാധാരണ മനസ്സുകൾക്ക് പ്രാപ്യമാവൂ.

(1990 ൽ എഴുതിയത്)

(*ദാർശനികന്റെ വിചാരലോകം* (കറന്റ് ബുക്സ്, 1994) എന്ന ഗ്രന്ഥ ത്തിൽ നിന്നും)

# 2
# അധൃഷ പ്രതിഭ

അപൂർവ്വ ധൈഷണികനെന്ന് അറിയപ്പെട്ട പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സാധാരണക്കാർക്ക് അഗമ്യനായി കരുതപ്പെട്ടിരുന്നു. അതുകൊണ്ട് പലരും അദ്ദേഹത്തെ സമീപിക്കുവാൻ മടിച്ചു. എന്നാൽ മുൻവിധിയൊന്നും കൂടാതെ തെളിഞ്ഞ മനസ്സോടെ അടുത്തു ചെന്നവർക്ക് അദ്ദേഹം എപ്പോഴും അഭിഗമ്യനായിരുന്നു എന്നതാണ് വാസ്തവം. കൊച്ചുകുട്ടികൾക്ക് മുൻവിധികൾ ഇല്ലാത്തതുകൊണ്ടായിരിക്കാം അവർ അദ്ദേഹത്തിന് പ്രിയപ്പെട്ട കൂട്ടുകാരായി തീർന്നത്.

അസാധാരണമായതിനെ സദാ തേടിയിരുന്നു മാർ ഗ്രീഗോറിയോസ് എന്നത് സത്യം. ദൈനംദിനത്തിന്റെ ശരാശരികളിൽ നിന്നും ഗതാനുഗതികത്വത്തിൽ നിന്നും അദ്ദേഹം വിട്ടുനിന്നു. സാധാരണക്കാരുടെ സാമൂഹിക ജീവിതത്തിന് ചൂടും ചൊടിയും പകരുന്ന കൊച്ചുവർത്തമാനങ്ങളും കൊള്ളലും കൊടുക്കലും അദ്ദേഹത്തിന് അന്യമായിരുന്നു. എങ്കിലും സാധാരണക്കാരുമായി ഇടപഴകാനും അവരുടെ പ്രശ്നങ്ങൾ നേരിട്ടറിയുവാനും അദമ്യമായ ആഗ്രഹം നിലനിർത്തി. അവിടെയും തന്റെ അനന്യമായ ശൈലിയിൽ ആദിവാസികളുടെയും അവഗണിതരായ മനുഷ്യരുടെയും പ്രശ്നങ്ങൾ പഠിക്കാനാണ് അദ്ദേഹം ഒരുമ്പെട്ടത്.

കുട്ടിയായിരുന്നപ്പോൾ തന്റെ വലിയ തലയും ചെറിയ ശരീരവും തമ്മിൽ പൊരുത്തപ്പെട്ടിരുന്നില്ല എന്ന് മാർ ഗ്രീഗോറിയോസ് തന്റെ ആത്മകഥയിൽ (Love’s Freedom: The Grand Mystery) ഓർക്കുന്നു. ഒരു വെറും സാധാരണ ശരീരമായിരുന്നു അദ്ദേഹത്തിന്റേത്. പെട്ടെന്ന് ക്ഷീണിക്കുകയും രോഗഗ്രസ്തമാവുകയും ഉൽക്കടമായ താപകോപാദികൾക്ക് വേദിയാവുകയും ചെയ്യുന്ന ഒരു ശരീരം. “ക്ഷീണിക്കാത്ത മനീഷയും മഷിയുണങ്ങീടാത്ത പൊൻ പേനയും” ആ ശരീരവുമായി ചേർന്നു പോകുവാൻ നന്നെ ബദ്ധപ്പെട്ടു. ദീപ്രവും അതീന്ദ്രിയ ദർശനത്താൽ സദാ അസ്വസ്ഥവുമായ മനസ്സിന്റെ ദ്രുതചലനങ്ങൾക്കൊപ്പം നീങ്ങാൻ മടിച്ച സ്വന്തം ശരീരത്തോടും ചുറ്റുപാടുകളോടും മറ്റു മനുഷ്യരോടും അദ്ദേഹം കയർത്തു. കാണികൾ കണ്ട പല വൈരുദ്ധ്യങ്ങളുടെയും ഉറവിടം ഈ പൊരുത്തക്കേടായിരുന്നു.

അധൃഷ്യ പ്രതിഭകളായിരുന്ന വിശുദ്ധ പൗലോസ് അപ്പോസ്തലൻ, അഗസ്റ്റിനോസ് തുടങ്ങിയവരെപ്പോലെ ആന്തരികമനുഷ്യന്റെ അസ്തിത്വ വിഹ്വലതകൾ പേറി, സ്വന്തം ആത്മാവിലെ ധ്രുവസംഘർഷങ്ങൾ നേരിട്ട

റിഞ്ഞ് നിലവിളിക്കയും അത്യുന്നതന്റെ ആർദ്രമായ കരസ്പർശനത്തിനായി കാത്തിരിക്കയും ചെയ്ത വ്യക്തിയായിരുന്നു മാർ ഗ്രീഗോറിയോസ്. തന്റെ ബാഹ്യവ്യക്തിത്വത്തിനു ചുറ്റുപാടും പരുക്കൻ തിരശ്ശീലകളുടെ പല മടക്കുകൾ തൂക്കിയിട്ടിരുന്നെങ്കിലും ഉള്ളിലെവിടെയോ വിനയാന്വിതവും സ്നേഹോഷ്മളവുമായ ഒരു തീനാളം മുനിഞ്ഞു കത്തി. അത് കരുണാമൂർത്തിയായ ദൈവത്തിന്റെ വിലയേറിയ വരദാനമായി അദ്ദേഹം കരുതി. അതുകൊണ്ട് സ്വന്തം വൈരുദ്ധ്യങ്ങളെ ഒരിക്കലും അദ്ദേഹം ന്യായീകരിച്ചില്ല. ന്യായീകരിക്കണമെന്ന് ആരോടും ആവശ്യപ്പെട്ടുമില്ല. ഇത് ഒരു മനുഷ്യന്റെ സത്യസന്ധത.

തന്റെ എല്ലാമായ ക്രിസ്തുവിന്റെ നല്ല ശിഷ്യനായി മനുഷ്യർക്ക് നന്മ ചെയ്ത് ജീവിക്കണമെന്ന് തീഷ്ണമായി ആഗ്രഹിച്ച ഒരു കൗമാരപ്രായക്കാരനെ നാം മറക്കാതിരിക്കുക. ആ ബാലന്റെ ആത്മപ്രചോദിതമായ ആഗ്നേയാഭിലാക്ഷമാണ് രാജകൊട്ടാരത്തിന്റെ അധികാരസുഖങ്ങളിൽ നിന്നും പാശ്ചാത്യ സംസ്കാരത്തിന്റെ വശ്യതകളിൽ നിന്നും വിട്ട് സ്വന്തം ആളുകളുടെ ആവശ്യങ്ങളിലേയ്ക്കും അറിവില്ലായ്മകളിലേക്കും മടങ്ങുവാൻ മാർ ഗ്രീഗോറിയോസിനെ പ്രേരിപ്പിച്ചത്. അന്താരാഷ്ട്രതലങ്ങളിൽ നിഷ്പ്രയാസം നേതൃസ്ഥാനം കൈവരിക്കാൻ കഴിയുമായിരുന്നിട്ടും ഒരിക്കലും വേരുകൾ മറക്കാത്ത ആ മനുഷ്യൻ സ്വന്തം രാജ്യത്തിന്റെയും സഭയുടെയും പ്രശ്നങ്ങളെക്കുറിച്ച് ജാഗ്രതയോടെ ചിന്തിച്ചു. ചോദ്യങ്ങൾ പലതും സ്വയം ചോദിച്ച് ഉത്തരങ്ങൾ നൽകാൻ ശ്രമിച്ചു. ചോദ്യങ്ങൾ ഒന്നുമേ ചോദിക്കാത്ത ജനതയ്ക്ക് ചോദ്യങ്ങളുടെ അർത്ഥവും ഉത്തരങ്ങളുടെ പ്രസക്തിയും മനസ്സിലായില്ലെങ്കിൽ അത്ഭുതമില്ല.

കൺപോളകൾ ഇല്ലാത്ത കണ്ണുകൾ പോലെ നിതാന്ത ജാഗ്രതയിൽ കഴിയുവാൻ വിധിക്കപ്പെട്ട ബോധമായിരുന്നു മാർ ഗ്രീഗോറിയോസിന്റേത്. നമുക്ക് ചുറ്റും നടക്കുന്ന സംഭവങ്ങളുടെയും ഉരുത്തിരിയുന്ന ആശയങ്ങളുടെയും ഉപരിതലം മാത്രമല്ല, അകവും പുറവും വശങ്ങളും മുൻപും പിൻപും ആഴവും ഉയരവും ഒരേ സമയം അദ്ദേഹത്തിന്റെ മനോമണ്ഡലത്തിൽ പ്രവേശിച്ചു. ത്രിമാനങ്ങൾക്കപ്പുറത്തു പോകുന്ന ഈ ചിത്രവൈചിത്ര്യങ്ങളുടെ വിവിധ മാനങ്ങളെ തരംതിരിക്കാൻ ആവശ്യമായ മസ്തിഷ്ക്കസന്നാഹം അദ്ദേഹത്തിനുണ്ടായിരുന്നെങ്കിലും അപൂർവ്വകമായ ഈ അനുഭവ സങ്കീർണ്ണത ഒരേ സമയം അദ്ദേഹത്തിന്റെ ഹൃദയത്തിന് നിറവും നീറ്റലും നൽകി. തന്റെ ജനങ്ങൾക്കു വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് അതിയായി ആഗ്രഹിച്ച ഒരു മനുഷ്യന്റെ ഇച്ഛകളും ഇച്ഛാഭംഗങ്ങളും ഇവിടെ നിഗൂഢമായിരിക്കുന്നു.

# 3

# മാർ ഗ്രീഗോറിയോസിന്റെ വിശ്വമാനവ ദർശനം

പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ജീവിതവും പ്രവർത്തനവും മിക്കവാറും അന്താരാഷ്ട്ര തലങ്ങളിലായിരുന്നു. എന്നാൽ അതുകൊണ്ടല്ല അദ്ദേഹത്തിന്റെ ദർശനത്തെ വിശ്വമാനവദർശനം എന്ന് നാം വിശേഷിപ്പിക്കുന്നത്. മനുഷ്യസ്വഭാവത്തിന്റെ ആഴവും പരപ്പും അന്തസ്സും ആത്യന്തിക ഭാഗധേയവും എന്താണെന്ന് അദ്ദേഹം ഗൗരവമായി അന്വേഷിച്ചു ചില നിഗമനങ്ങളിൽ എത്തി. മനുഷ്യനെക്കുറിച്ചുള്ള വളരെ പ്രസന്നവും പ്രത്യാശാപൂർണ്ണവുമായ ദർശനം അദ്ദേഹം രൂപപ്പെടുത്തിയത് മാനവചിന്തയുടെ വിവിധ സ്രോതസ്സുകളെ അവലംബിച്ചാണ്. അദ്ദേഹം ജനിച്ചുവളർന്ന മണ്ണിന്റെയും തന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയ സമൂഹത്തിന്റെയും ആദ്ധ്യാത്മികതയാണ് മാർ ഗ്രീഗോറിയോസിന്റെ ദർശനത്തിന്റെ പ്രധാന ഉറവിടം.

ഒരു പൗരസ്ത്യ ഓർത്തഡോക്സ് ക്രിസ്തീയ കുടുംബത്തിൽ ജനിച്ച് ക്രിസ്തീയവും ഭാരതീയവുമായ ആത്മീക ദർശനത്തെ സ്വാംശീകരിച്ചാണദ്ദേഹം വളർന്നത്. ക്രിസ്തുരൂപം ദീപ്രമായ ഒരു ദീപസ്തംഭമായി തിരുമേനിയുടെ കൗമാരജീവിതത്തിൽ ഉയർന്നു തുടങ്ങി. പൗരസ്ത്യമായ ആരാധനയുടെ വർണ്ണങ്ങളും വാസനകളും നാദവിശേഷങ്ങളും തരളമായ ആ ബാലമനസ്സിനെ ആത്മീകാനുഭൂതികളുടെ നിഗൂഢവശ്യതകളിലേക്ക് നയിച്ചു. അപ്പോഴൊന്നും ആ ബാലൻ തന്റെ അധൃഷ്യവും അനിതരസാധാരണവുമായ മേധാശക്തിയെക്കുറിച്ച് ബോധവാനായിരുന്നില്ല. പിന്നീട് പാശ്ചാത്യരാജ്യങ്ങളിൽ പഠിക്കുകയും പാശ്ചാത്യചിന്തയുടെ വൻകോട്ടകളിൽ പ്രവേശനം ലഭിക്കുകയും ചെയ്തപ്പോൾ തന്റെ വേരുകളെക്കുറിച്ച് യുവാവായ മാർ ഗ്രീഗോറിയോസ് ബോധവാനായി. അപ്പോഴേക്കും അദ്ദേഹത്തിന്റെ ആദ്ധ്യാത്മികാന്വേഷണം ഉൽക്കടമായിക്കഴിഞ്ഞിരുന്നു. തന്റെ ജീവിതത്തിന്റെ രണ്ടാം പകുതിയിൽ അദ്ദേഹം വീണ്ടും ഭാരതീയവും പൗരസ്ത്യവുമായ ആത്മീക - ബൗദ്ധിക ഉറവകളിലേക്ക് പുതിയൊരു ഉൾക്കാഴ്ചയോടെ തിരിഞ്ഞു. പാശ്ചാത്യവും പൗരസ്ത്യവുമായ ശാസ്ത്രദർശനം, ദൈവശാസ്ത്രം, മാനവ സംസ്കൃതി, മതാനുഭൂതി, സാമ്പത്തികക്രമം, രാഷ്ട്രമീമാംസ എന്നിവയെല്ലാം അത്ഭുതകരമായ സമഗ്രതയോടും സഹാനുഭൂതിയോടും അദ്ദേഹം പഠിച്ചു. അങ്ങനെ മനുഷ്യസംസ്കാരത്തിന്റെ എല്ലാ സുപ്രധാന ചിന്താധാരകളെയും തന്റെ മാന

വദർശനത്തിൽ സ്വാംശീകരിച്ചു. അദ്ദേഹത്തിന്റെ ദർശനത്തെ 'വിശ്വമാന വദർശന'മെന്ന് വിളിക്കുന്നതിന്റെ ഒരു കാരണം ഇതാണ്.

ദാർശനികമായി പറഞ്ഞാൽ, ഈശ്വരന്റെ സത്ത (Being) യാണ് മനുഷ്യനുൾപ്പെടെയുള്ള സർവ്വസൃഷ്ടിയുടെയും അസ്തിത്വത്തിന്റെ അടിസ്ഥാനം. ഈ ചിന്തയെ സ്വന്തം ജീവിതത്തിൽ അനുഭവവേദ്യമാക്കിയ വ്യക്തിയായിരുന്നു മാർ ഗ്രീഗോറിയോസ്. ദൈവത്തിന്റെ സ്നേഹവും ഇച്ഛയുമാണല്ലോ ക്രിസ്തീയ ദർശനപ്രകാരം സർവ്വത്തെയും സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്നത്. മാർ ഗ്രീഗോറിയോസിനെ സംബന്ധിച്ച് തന്റെ നിലനില്പ് എപ്പോഴും ഇല്ലായ്മയുടെ ഭീഷണിക്ക് വിധേയമായി നിലകൊള്ളുന്നു എന്ന ബോധം അദ്ദേഹത്തെ ഭരിച്ചിരുന്നു. അതുകൊണ്ട് എപ്പോഴും ജീവന്റെ ഉറവയായ ഈശ്വരന്റെ ഉണ്മയിലേക്ക് തിരിയണം, ദൈവേച്ഛയ്ക്ക് വിധേയപ്പെടണം, ദൈവകൃപ ധാരാളമായി സ്വീകരിക്കണം എന്ന് സ്വയം അദ്ദേഹം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. ഉണ്മയും ഇല്ലായ്മയും തമ്മിലുള്ള വൈരുദ്ധ്യത്തെ വെറും മനോവ്യാപാരത്തിന്റെ തലത്തിൽ മാത്രമല്ല സ്വന്തം അസ്തിത്വത്തിന്റെ ആകുലതകളിലൂടെ അദ്ദേഹം തിരിച്ചറിഞ്ഞു. ഇവിടെയാണ് മാർ ഗ്രീഗോറിയോസ് ശരിയായ അർത്ഥത്തിൽ ദാർശനികനായി മാറിയത്.

കൗമാരപ്രായത്തിൽ അദ്ദേഹം ഏറ്റവുമധികം സ്നേഹിച്ചത് സ്വന്തം അമ്മയെയും ദൈവത്തെയുമാണ്. അമ്മയുടെ ആർദ്രമായ സ്നേഹത്തിലൂടെയായിരുന്നു ദൈവസ്നേഹത്തെ ആ ബാലൻ തിരിച്ചറിഞ്ഞത്. എല്ലാ നന്മയുടെയും മനുഷ്യസ്നേഹത്തിന്റെയും പ്രതീകമായിരുന്നു ആ അമ്മ. തന്റെ പതിമൂന്നാമത്തെ വയസ്സിൽ, മിന്നൽപിണർ പോലെ ആകസ്മികമായി രോഗാതുരയായ അമ്മയിൽ നിന്നും സ്നേഹം പിൻവലിക്കപ്പെട്ടു. അത് കുട്ടിയുടെ ഹൃദയത്തിനേറ്റ ആദ്യത്തെ കനത്ത ആഘാതമായിരുന്നു. തന്റെ ചുറ്റുമുള്ള ലോകത്തെ മനസ്സിലാക്കുവാൻ സഹായിക്കുന്ന ചവിട്ടുപടിയായും അളവുകോലായും ജനാലയായും താൻ കരുതിയിരുന്ന മാതൃസ്നേഹം ഇപ്പോൾ സകലത്തെയും താറുമാറാക്കുന്ന എല്ലാറ്റിന്റെയും അർത്ഥം നുള്ളിക്കളയുന്ന ഭയാനകമായ പേടിസ്വപ്നമായി മാറി. ദൈവത്തെ അറിയുവാൻ തീക്ഷ്ണമായി ആഗ്രഹിച്ച അതിബുദ്ധിമാനായ ഒരു കുട്ടിയുടെ അന്വേഷണപാതയിലെ നിർണ്ണായകമായ പാലമാണ് അമ്മയുടെ രോഗത്തോടെ തകർന്നുപോയത്.

എങ്കിലും കുട്ടി തന്റെ ദൈവത്തെ ഉപേക്ഷിച്ചില്ല. പാലമില്ലാതെ നീന്തിയും തുടിച്ചും അക്കരെയെത്താനായി പിന്നെ ശ്രമം. ഇതൊരു തീർത്ഥാടനമായി. നദിയുടെ മറുകരയാണല്ലോ തീർത്ഥാടകന്റെ ലക്ഷ്യം. മുങ്ങിയും പൊങ്ങിയും ആശയോടെയും നിരാശയോടെയുമായി പിന്നെ യാത്ര. അതിനിടെ ചെറിയനദി മഹാസാഗരമായി പരന്നു. സംസാരസമുദ്രത്തിൽ കുറെ

മുങ്ങിക്കഴിഞ്ഞപ്പോൾ എന്താണീ സംസാരം, എങ്ങിനെയാണീ പ്രപഞ്ചം, ആരാണ് മനുഷ്യൻ എന്നൊക്കെയായി ചിന്ത. തന്റെ പരമലക്ഷ്യമായ ഈശ്വരസാക്ഷാത്കാരത്തിൽ നിന്ന് വ്യതിചലിക്കാതെ, സംസാരസാഗരത്തിന്റെ ആഴത്തിലും മുകൾപ്പരപ്പിലും അനന്തവിസ്തൃതിയിലും അതീന്ദ്രിയ ഭാവങ്ങളിലും നിസ്തന്ദ്രമായ അന്വേഷണം ആരംഭിച്ചു. തന്റെ ഏറ്റം പ്രധാനപ്പെട്ട ഗ്രന്ഥമായി മാർ ഗ്രീഗോറിയോസ് കരുതുന്ന The Cosmic Man എന്ന പുസ്തകത്തിന്റെ ഉപശീർഷകം 'ദൈവവും മനുഷ്യനും ലോകവും തമ്മിലുള്ള പരസ്പരബന്ധ'ത്തെക്കുറിച്ചാണ്. തന്റെ ഗുരുവായ നിസ്സായിലെ ഗ്രീഗോറിയോസ് എന്ന വിശ്രുത പണ്ഡിതനും ദൈവശാസ്ത്രജ്ഞനുമായ സഭാപിതാവിന്റെ ചിന്തയെ ആധാരമാക്കിയാണ് ഈ വിശകലനം നടത്തുന്നത്. വിശ്വമാനവികതയെക്കുറിച്ചുള്ള മാർ ഗ്രീഗോറിയോസിന്റെ ദർശനം ഈ അന്വേഷണങ്ങളുടെ ആകെത്തുകയാണ്.

ദൈവവും മനുഷ്യനും ലോകവും മൂന്നു വ്യത്യസ്ത യാഥാർത്ഥ്യങ്ങളായിട്ടാണ് പാശ്ചാത്യചിന്ത വ്യവഹരിക്കുന്നത്. അതിന് ആരംഭമിട്ടത് അഗസ്റ്റീനാണെന്ന് മാർ ഗ്രീഗോറിയോസ് പറയുന്നു. മനുഷ്യന്റെ വീഴ്ചയെയും പാപത്തെയും പ്രത്യേകരീതിയിൽ വ്യാഖ്യാനിക്കുക വഴി മനുഷ്യനും ദൈവവും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും ദ്വൈതഭാവം ഉളവാക്കി. അങ്ങനെ ഈ യാഥാർത്ഥ്യങ്ങളുടെ പരസ്പര ധ്രുവീകരണവും ദ്വന്ദഭാവവും പിന്നീടുണ്ടായ ദൈവശാസ്ത്രത്തെയും ശാസ്ത്രസാങ്കേതിക വിദ്യയെയും വരെ സ്വാധീനിച്ചു. ദൈവശാസ്ത്രചിന്തയിൽ പ്രധാനമായും സംഭവിച്ചത് മനുഷ്യസ്വാതന്ത്ര്യത്തിന്റെ നിഷേധമാണ്. മനുഷ്യൻ ജന്മനാ പാപിയാണെന്നും പ്രജനന പ്രക്രിയയിലൂടെ ജീവശാസ്ത്രപരമായിത്തന്നെ ആദിപാപം പുരുഷാന്തരങ്ങളിലൂടെ കൈമാറുന്നുവെന്നും അഗസ്റ്റിൻ ചിന്തിച്ചു. അതുകൊണ്ട് പൗരസ്ത്യ ഓർത്തഡോക്സ് സഭ ഒരിക്കലും സ്വീകരിച്ചിട്ടില്ലാത്ത ജന്മപാപം എന്ന ആശയം പടിഞ്ഞാറൻസഭയിൽ രൂഢമൂലമായി. മനുഷ്യൻ നന്മ ഇച്ഛിക്കാൻ പോലും കഴിയാത്തവിധം പാപത്തിനു വിധേയമായി, ദൈവകൃപയ്ക്കല്ലാതെ മറ്റൊന്നിനും അവനെ രക്ഷിയ്ക്കുവാൻ കഴിയില്ല. ഈ കൃപയ്ക്ക് മുമ്പിൽ മനുഷ്യസ്വാതന്ത്ര്യത്തിന് ഒരു വിലയുമില്ല എന്നൊക്കെ അഗസ്റ്റിൻ പഠിപ്പിച്ചു. അതുകൊണ്ട് ലോകത്തിൽ നാം മനുഷ്യനന്മയെന്ന് പറയുന്നതൊന്നും യഥാർത്ഥത്തിൽ നന്മയല്ല. പ്രത്യേകിച്ചും ക്രൈസ്തവസഭയ്ക്ക് പുറത്ത് പേഗൻ എന്ന് വിശേഷിപ്പിക്കുന്ന ഇതര മതങ്ങൾക്കും അവയുടെ ആദ്ധ്യാത്മിക സാധനകൾക്കും ഒട്ടുമേ വിലയില്ല. അവരുടെ നന്മകൾ എന്ന് വിശേഷിപ്പിക്കുന്നതൊക്കെ വർണ്ണോജ്ജ്വലങ്ങളായ തിന്മകളാണ് എന്ന് അഗസ്റ്റിൻ ധരിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഈ ചിന്തയാണ് റോമൻ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരുമായ പാശ്ചാത്യരുടെ മിഷനറി കൊളോണിയൽ

വ്യവസ്ഥയുടെ ദൈവശാസ്ത്രമായി പിന്നീട് രൂപംപ്രാപിച്ചതെന്ന് മാർ ഗ്രീഗോറിയോസ് വ്യാഖ്യാനിച്ചു.

മനുഷ്യസ്വാതന്ത്ര്യത്തെപ്പറ്റിയും ഈശ്വരനും പ്രപഞ്ചവുമായുള്ള മനുഷ്യന്റെ ബന്ധത്തെപ്പറ്റിയുമുള്ള അഗസ്റ്റീനിയൻ ചിന്തയുടെ കടയ്ക്കലാണ് മാർ ഗ്രീഗോറിയോസ് ആഞ്ഞുവെട്ടിയത്. ഓക്സ്ഫോർഡിലെ അദ്ദേഹത്തിന്റെ പ്രൊഫസർ പറഞ്ഞു: Augustine will survive your criticism (അഗസ്റ്റിൻ താങ്കളുടെ വിമർശനത്തെ അതിജീവിക്കും). ശരിയായിരിക്കാം. പക്ഷേ മാർ ഗ്രീഗോറിയോസിന്റെ ഖണ്ഡനവിമർശനത്തെ ഗൗരവമായിട്ടെടുക്കുന്ന പല ശിഷ്യന്മാർ അദ്ദേഹത്തിന് പാശ്ചാത്യ രാജ്യങ്ങളിലുണ്ട്.

അഗസ്റ്റിനെ നിരൂപണം ചെയ്യുന്നതിന് മാർ ഗ്രീഗോറിയോസിനെ സഹായിച്ചത് നാലാം നൂറ്റാണ്ടിന്റെ പകുതിയിൽ ഏഷ്യൻ പ്രദേശമായ കപ്പദോക്യയിൽ (ഇന്നത്തെ തുർക്കിയുടെ ഏഷ്യൻഭാഗം) ജനിച്ച നിസ്സായിലെ ഗ്രീഗോറിയോസ് എന്ന പൗരസ്ത്യസഭാ ഗുരുവാണ്. വലിയ ദാർശനികനും ദൈവശാസ്ത്രജ്ഞനുമായിരുന്ന നിസ്സായിലെ ഗ്രിഗറി പാശ്ചാത്യനല്ലായിരുന്നതുകൊണ്ടാകാം അഗസ്റ്റിനെപ്പോലെ അറിയപ്പെട്ടില്ല. പക്ഷേ അദ്ദേഹത്തിന്റെ ചിന്തയും ക്രിസ്തീയ വ്യാഖ്യാനവും ബൈബിളിനോടും ഏഷ്യൻ ചിന്തകളോടും പൗരസ്ത്യ ആദ്ധ്യാത്മികതയോടും ആഴമായി ബന്ധപ്പെട്ടിരിക്കുന്നു. അദ്ദേഹം പാശ്ചാത്യസഭയുടെയും അംഗീകൃത ഗുരുവും പിതാവുമാണെങ്കിലും പാശ്ചാത്യർ അദ്ദേഹത്തെ വേണ്ടവിധം മനസ്സിലാക്കിയില്ല. റോമൻ സംസ്ക്കാരത്തിന്റെ സന്താനമായ അഗസ്റ്റിനെയാണ് ഏഷ്യാക്കാരനായ ഗ്രിഗറിയേക്കാൾ അവർ ഇഷ്ടപ്പെട്ടതെന്ന് തോന്നുന്നു.

ഗ്രിഗറിയുടെ ചിന്തയനുസരിച്ച്, ഈശ്വരനും മനുഷ്യനും പ്രപഞ്ചവും നമ്മുടെ ചിന്തയിൽ വ്യതിരിക്തമായി നിലകൊള്ളുന്നുവെങ്കിലും, അവയ്ക്ക് തമ്മിൽ ആഴമായ സത്താപരമായ ബാന്ധവമുണ്ട്. ഈശ്വരന്റെ സ്നേഹത്തിൽ നിന്നും ഇച്ഛയിൽ നിന്നുമാണ് സകലതും ഉൽഭൂതമായത്. ദൈവം തന്റെ സാദൃശ്യവും സ്വരൂപവും (Image of God) മനുഷ്യനിലേക്ക് പകർന്നിരിക്കുന്നു. അങ്ങനെ മനുഷ്യനും ദൈവവും തമ്മിലുള്ള വ്യതിരിക്തതയെ മറികടക്കുന്ന സാരൂപ്യമുണ്ട്. ഈശ്വരസത്തയുടെ സ്വഭാവത്തിൽ പങ്കുചേരാൻ മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ചും സ്വാതന്ത്ര്യം, നന്മ, മഹത്വം എന്നിവയിൽ. അതുകൊണ്ട് മനുഷ്യജീവിതം യോഗസാധനയാണ്. മനുഷ്യഭാഗധേയം ഈശ്വരസ്വഭാവം പ്രാപിക്കലാണ്. ഥെയോസിസ് (Theosis) എന്ന് ഗ്രിഗറിയും പൗരസ്ത്യവേദ പണ്ഡിതന്മാരും വിളിക്കുന്ന ഈശ്വരസായൂജ്യം (ദൈവീകരണം) മനുഷ്യന് കൽപ്പിച്ചിട്ടുള്ളതാണ്. ദൈവത്തിന്റെ സാരൂപ്യവും സായൂജ്യവുമാണ് മനുഷ്യൻ എന്ന്

ബൈബിളിലെ ഉൽപത്തി പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് സമ്പൂർണ്ണ മായ അർത്ഥത്തിൽ നാം കാണുന്നത് യേശുക്രിസ്തുവിലാണ്. ദൈവ ത്തിന്റെ പരിശുദ്ധാത്മാവ് നമ്മെയും അതേ ക്രിസ്തുരൂപം പ്രാപിക്കുവാ നായി പ്രചോദിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നു.

മനുഷ്യസ്വാതന്ത്ര്യം ഇവിടെ നിർണ്ണായകമാണ്. ദൈവം തന്റെ സ്വഭാ വത്തിന്റെ ഈ സവിശേഷത മനുഷ്യനും നൽകിയിരിക്കുന്നു. അതു കൊണ്ട് ദൈവം മനുഷ്യനെ തന്റെ അടിമയായിട്ടോ, യന്ത്രമായിട്ടോ, ഉപകരണമായിട്ടോ അല്ല സൃഷ്ടിച്ചിരിക്കുന്നത്. തന്റെ കൂട്ടാളിയും പങ്കാളി യുമായിട്ടാണ്. മനുഷ്യന് തന്റെ സ്വാതന്ത്ര്യം ഉപയോഗിച്ച് ഈ പങ്കാളി ത്വത്തിന്റെ അനന്തമേഖലകളിലേയ്ക്ക് പ്രവേശിക്കാം, അല്ലെങ്കിൽ ഉണ്മ യുടെ വിളിയെ നിരസിച്ച് ഇല്ലായ്മയുടെ തമോഗഹ്വരങ്ങളിലേയ്ക്ക് പിൻവ ലിയാം.

മനുഷ്യവർഗ്ഗത്തിന് പാപം ചെയ്യാനുള്ള പ്രവണതയുണ്ട് എന്നത് ശരി തന്നെ. ദൈവവുമായും പ്രകൃതിയുമായും ഐതര്യം (Alienation) മനു ഷ്യന് സംഭവിച്ചിട്ടുണ്ട്. പക്ഷേ, തന്റെ സ്വാതന്ത്ര്യവും ദൈവാത്മാവിന്റെ മാർഗ്ഗദർശനവും ഉപയോഗിച്ച് തിന്മയെ മറികടക്കാൻ മനുഷ്യന് കഴിയും. ഇത് ദൈവം ബഹുമാനിക്കുന്ന മനുഷ്യാന്തസ്സിന്റെ ഭാഗമാണ്. അഗസ്റ്റി നെപ്പോലെ മനുഷ്യന്റെ ഇച്ഛ, നന്മ ആഗ്രഹിക്കുവാൻ പോലും കഴിവില്ലാ ത്തവിധം മലീമസവും അന്ധകാരനിബിഢവുമായി എന്ന് ഗ്രിഗറി പഠിപ്പി ക്കുന്നില്ല. നേരെമറിച്ച്, മനുഷ്യനിലുള്ള ഈശ്വരചൈതന്യത്തിന് പാപം മൂലം മങ്ങലേറ്റിട്ടുണ്ടെങ്കിലും അവന്റെ ആത്മജ്യോതിസ് ഇപ്പോഴും കെട്ടു പോയിട്ടില്ല. നന്മയിലേക്കുള്ള അനുക്രമമായ ആരോഹണം വഴി അതിനെ ജ്വലിപ്പിക്കുവാൻ കഴിയും എന്നു തന്നെ ഗ്രിഗറി പഠിപ്പിച്ചു.

മനുഷ്യന് മാത്രമല്ല, മനുഷ്യനിലൂടെ സർവസൃഷ്ടിയ്ക്കും ഇതുപോലെ ഈശ്വരോന്മുഖമായി ചലിക്കുവാനുള്ള സ്വാതന്ത്ര്യവും പ്രചോദനവും ദൈവം നൽകിയിരിക്കുന്നു. അതുകൊണ്ട് മനുഷ്യൻ സൃഷ്ടിയുടെ പുരോ ഹിതനാണ്, സർവ്വലോകത്തിന്റെയും നന്മയ്ക്കും സന്തോഷത്തിനും വേണ്ടി ദൈവസന്നിധിയിൽ നിലകൊള്ളുന്നവനാണ് എന്ന ആശയം പൗലോസ് മാർ ഗ്രീഗോറിയോസ് വികസിപ്പിക്കുന്നു. "സർവ്വസൃഷ്ടിയും ദൈവപുത്രന്മാരുടെ വെളിപാടിനുവേണ്ടി ആകാംക്ഷയോടെ കാത്തിരി ക്കുന്നു. സൃഷ്ടി സ്വാതന്ത്ര്യത്തിനായി പ്രസവവേദനപ്പെട്ട് ഞരങ്ങുന്നു" എന്നിങ്ങനെ പൗലോസ് അപ്പോസ്തോലൻ പറയുന്ന സംഗതികൾ ഇവിടെ പൗരസ്ത്യചിന്തയുടെ അടിസ്ഥാനമാണ്.

ഇതേ അടിസ്ഥാനത്തിലാണ് മനുഷ്യനിലുള്ള നന്മകളെയും ഇതര മത വിശ്വാസങ്ങളുടെ ആദ്ധ്യാത്മികമാനങ്ങളെയും പൗലോസ് മാർ ഗ്രീഗോ

റിയോസ് കാണുന്നത്. നന്മ എവിടെ കണ്ടാലും, ആരിൽ കണ്ടാലും അത് സ്വീകാര്യമാണ്. എല്ലാ നന്മകളുടെയും ഉറവിടം ദൈവമാണ്. നന്മയെ ക്രിസ്തീയമെന്നോ അക്രൈസ്തവമെന്നോ വേർതിരിക്കുവാൻ സാധ്യമല്ല. പാശ്ചാത്യഗുരുവായ അഗസ്റ്റീനിൽ നിന്ന് വിരുദ്ധമായിട്ടാണ് ഇക്കാര്യത്തിൽ നിസ്സായിലെ ഗ്രിഗോറിയോസും, അദ്ദേഹത്തിന്റെ ശിഷ്യനായ ഇരുപതാം നൂറ്റാണ്ടിലെ പൗലോസ് മാർ ഗ്രീഗോറിയോസും ചിന്തിച്ചത്. പൗരസ്ത്യസഭയുടെ ഈ ചിന്തയുടെ പിൻബലത്തിലാണ് ലോകത്തിൽ പല തരത്തിലുള്ള ബൗദ്ധികപ്രസ്ഥാനങ്ങളിലും സംഘടനകളിലും മാർ ഗ്രീഗോറിയോസ് പ്രവർത്തിച്ചത്. അത് സോവിയറ്റ് യൂണിയനിലെയോ കേരളത്തിലെയോ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാണെങ്കിലും, ലോക സഭാകൗൺസിലാണെങ്കിലും ഹൈന്ദവ, ജൈന, ബുദ്ധ മതങ്ങളാണെങ്കിലും എല്ലാവരോടും ഒപ്പം പ്രവർത്തിക്കുവാൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് യാതൊരു മടിയുമില്ലായിരുന്നു. ക്രിസ്തുവിലുള്ള തന്റെ ആഴമായ വിശ്വാസത്തിന്റെ വിവക്ഷകളാണ് മനുഷ്യനന്മയ്ക്ക് വേണ്ടിയുള്ള ഈ സഹപ്രവർത്തനവും പരസ്പര ബഹുമാനവുമെന്നദ്ദേഹം ഉറച്ചു വിശ്വസിച്ചു. പുതിയൊരു മനുഷ്യരാശിയുടെ സൃഷ്ടിക്കായി അത്യാകാംക്ഷയോടെ കാത്തിരുന്ന ഒരാളായിരുന്നു മാർ ഗ്രീഗോറിയോസ്. അതുകൊണ്ട് എവിടെയാണ് ജീവന്റെ തുടിപ്പ്, എവിടെയാണ് ചിന്തയുടെ തിളക്കം, എവിടെയാണ് ഭാവനയുടെ വിലാസം, ആരിലാണ് നന്മയുടെ അരുണോദയം, എങ്ങിനെ എവിടെ ആരിലാണ് പുതുയുഗത്തിന്റെ മാറ്റൊലി എന്ന് അവിരാമം ശ്രദ്ധിച്ചുകൊണ്ടിരുന്ന ആളായിരുന്നു അദ്ദേഹം. നമ്മിൽ പലരെയും സന്തോഷിപ്പിക്കുകയോ ആകുലപ്പെടുത്തുകയോ ചെയ്യുന്ന കൊച്ചുകൊച്ചു കാര്യങ്ങളൊന്നും അദ്ദേഹത്തിന്റെ ബോധമണ്ഡലത്തെ അലോസരപ്പെടുത്തിയില്ല. ബുദ്ധി ബോധമാണെന്നും, ബോധം ജ്ഞാനമാണെന്നും, ജ്ഞാനം പ്രകാശമാണെന്നും, പ്രകാശം ഈശ്വരതേജസ്സിന്റെ അമൃതവർഷമാണെന്നും ധരിച്ച അദ്ദേഹം തന്റെ ബുദ്ധിയെ വീണ്ടും വീണ്ടും ജ്വലിപ്പിക്കുവാൻ ശ്രമിച്ചു. ഈ അർത്ഥത്തിൽ അദ്ദേഹം ശ്രേഷ്ഠനായ ഒരു ബുദ്ധിജീവിയായിരുന്നു.

പുതിയ മനുഷ്യന്റെ സ്വഭാവമായി മാർ ഗ്രീഗോറിയോസ് കണ്ടത് നന്മയിലേക്കുള്ള വളർച്ചയാണ്. ഇവിടെ നന്മ എന്നു പറയുന്നത് നല്ല കാര്യങ്ങൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതു മാത്രമല്ല, ദൈവത്തിന്റെ സ്വഭാവമാണ് നന്മ. ദൈവം നന്മയാണ്. പുരാതന ഗ്രീക്ക് ദർശനത്തിലും അതിന്റെ സ്വാധീനം സ്വീകരിച്ച പൗരസ്ത്യ ക്രിസ്തീയ ചിന്തയിലും agathos എന്നാൽ പരമമായ നന്മയാണ്. Kalos പരമമായ സൗന്ദര്യമാണ്. ആത്യന്തിക യാഥാർത്ഥ്യത്തിന്റെ സത്തയെ വിശേഷിപ്പിക്കുവാൻ ഈ രണ്ട് പദങ്ങളും ഒരുമിച്ച് ഉപയോഗിച്ചിട്ടുണ്ട്. സത്യം, ശിവം,

സുന്ദരം എന്ന് നാം ഭാരതത്തിൽ പറയുമ്പോലെ. അപ്പോൾ നന്മയുള്ള മനുഷ്യൻ എന്നാൽ, തന്റെ ആത്യന്തിക ഭാഗധേയമായ ദൈവീകരണ ത്തിൽ പുരോഗമിക്കുന്നവൻ എന്നാണ് അർത്ഥം. ഈ പരിവർത്തനം മനു ഷ്യനും മനുഷ്യനിലൂടെ സമൂഹത്തിനും പ്രപഞ്ചത്തിനും സാധ്യമാണ് എന്ന ചിന്ത ഗ്രിഗോറിയൻ ദർശനത്തിന്റെ ആണിക്കല്ലാണ്. ഇത് പ്രസാദ പൂർണ്ണമായ ദർശനമാണ്. ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ സാമൂ ഹികവും രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ താല്പര്യങ്ങളെല്ലാം ഈ ദർശനത്തിൽ നിന്ന് ഉയിർകൊള്ളുന്നവയാണ്.

ഇന്ദിരാഗാന്ധിയുടെ അടിയന്തിരാവസ്ഥക്കാലത്ത് അദ്ദേഹം പരസ്യ മായി അടിയന്തിരാവസ്ഥയെ വിമർശിച്ചില്ല എന്ന് അദ്ദേഹത്തിന്റെ പരാ ശ്ചാത്യരായ ശത്രുക്കളും അവരുടെ കൂട്ടാളികളായി ചില ഇന്ത്യൻ ക്രൈസ് തവനേതാക്കളും ആരോപിച്ചിരുന്നു. എന്നാൽ അച്ചടക്കവും കഠിനാദ്ധ്വാ നവും മൂലം നമ്മുടെ ജനതയെ കൂടുതൽ നീതിയും സമത്വബോധവു മുള്ള ഒരു സമൂഹമാക്കുവാൻ കഴിയുമെന്ന ചിന്ത മാർ ഗ്രീഗോറിയോസി നുണ്ടായിരുന്നു. സമൂഹത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വലിയ സ്വപ്ന മായിരുന്നത്. തുടക്കത്തിൽ ഇന്ദിരാഗാന്ധിയുടെ നയത്തിന്റെ ആത്മാർത്ഥ തയെ അദ്ദേഹം സംശയിച്ചില്ല. എന്നാൽ അത് വഴിവിട്ടു പോകുന്നുവെന്ന് കണ്ടപ്പോൾ, അദ്ദേഹം ഇന്ദിരാഗാന്ധിയോടു തന്നെ അതിനെക്കുറിച്ച് വിമർശനമുന്നയിച്ചു. ഡബ്ലിയു. സി. സി. ഇന്ത്യയിലെ പ്രശ്നത്തിൽ ഇട പെടണമെന്ന വാദം അദ്ദേഹം നിരസിച്ചു. അതുകൊണ്ട് ഇന്ത്യയിൽ ഒരു മാറ്റവും ഉണ്ടാവുകയില്ല എന്നദ്ദേഹം വിശ്വസിച്ചു. നമ്മുടെ രാജ്യത്തിന്റെ അഭ്യുന്നതിയാണ് പ്രധാനം. അതിന് ഏതെങ്കിലും അന്താരാഷ്ട്രവേദിയിൽ ഒരു പ്രസ്താവന ചെയ്യുകയല്ല വേണ്ടത് എന്ന് അദ്ദേഹം കരുതി. പ്രസ്താ വനകളിലൂടെയുള്ള മനുഷ്യസ്നേഹത്തെയും വിപ്ലവാത്മകതയെയും എപ്പോഴും അദ്ദേഹം എതിർത്തിരുന്നു.

സ്വാതന്ത്ര്യം എന്ന ആശയം അദ്ദേഹത്തിന് പ്രിയങ്കരമാണ്. ദൈവസ്വ ഭാവം സ്വാതന്ത്ര്യമാണ്. അതാണ് സസ്നേഹം ദൈവം മനുഷ്യനിലേക്ക് പകർന്നിരിക്കുന്നത്. സാമൂഹികമായി അടിമത്വബോധവും മനഃശാസ്ത്ര പരമായി കുറ്റബോധവും ഇല്ലാത്ത സ്വതന്ത്രവും സർഗ്ഗാത്മകവുമായ മനുഷ്യ സമൂഹത്തെയാണദ്ദേഹം ദർശിച്ചത്. യേശുക്രിസ്തുവിൽ താൻ കണ്ട മനുഷ്യത്വത്തിന്റെയും ദൈവത്വത്തിന്റെയും സമഞ്ജസ സമ്മേളനം ഇക്കാര്യത്തിൽ അദ്ദേഹത്തിന് വഴികാട്ടിയും മാതൃകയുമായിത്തീർന്നു.

(കേരള സാഹിത്യ അക്കാഡമിയും യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷനും ചേർന്ന് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ സംഘടി പ്പിച്ച അനുസ്മരണ സമ്മേളനത്തിൽ ചെയ്ത പ്രഭാഷണം. 23-11-1997)

# 4
# ഗുരു ഗ്രീഗോറിയോസ്

'ദ് അലഫ്' എന്നിൽ മാറ്റൊലിക്കൊണ്ടു
അതെ, ലോകത്തിലെ എല്ലാ ഇടങ്ങളും
ഇടകലരാതെ ഒത്തുചേരുന്ന ഇടം
ഒരേ സമയം എല്ലാ കോണുകളിൽ നിന്നും
കാണപ്പെടുന്ന ഇടം

അതിനു പൊരുളുണ്ടാക്കുവാൻ ഞാൻ ശ്രമിച്ചു
എന്നാൽ ആ അറ നിറയെ ഇരുട്ടാണ്.
അനുകൂലിക്കാത്ത മനസ്സിലേക്ക്
സത്യം തുളച്ചിറങ്ങുകയില്ല
ഭൂമിയിലെ എല്ലാ ഇടങ്ങളും 'അലഫി'ലാണെങ്കിൽ
ദീപക്കാഴ്ചയുടെയും എല്ലാ വിളക്കുകളുടെയും
വെളിച്ചത്തിന്റെ എല്ലാ രക്തക്കുഴലുകളും
അവിടെയാണ്
ഞാൻ പോയി ഉടൻതന്നെ അവിടം നോക്കാം

– ജെ. എൽ. ബോർഹെസ് (*എൽ അലഫ്*)

ലോകത്തിലെ സർവ്വസ്ഥലങ്ങളും ഏകോപിക്കുന്ന ഒരു സ്ഥലത്തെപ്പറ്റി ബോർഹെസിനെന്ന പോലെ[1] ഗുരു ഗ്രീഗോറിയോസിനും ദർശനമുണ്ടായിരുന്നു.

സദാ ഉന്മിഷിത്തായ അദ്ദേഹത്തിന്റെ പ്രകാശപൂർണമായ മനസ്സ് ചിറകുവച്ച് ആ സ്ഥലത്തിന്റെ പ്രഹേളികാ മണ്ഡലത്തിൽ പറന്നുചെന്നു. നിരീക്ഷകരിൽ അധികം പേരെയും സംബന്ധിച്ച് ആ സ്ഥലം (ആദർശരാഷ്ട്രം) യാതൊന്നുമായിരുന്നില്ല. അതേസമയം അത് ശ്രേഷ്ഠതമമായിരുന്നു. (അതിൽ) ജഢം, രക്തം, ഭൂമി, സ്വാതന്ത്ര്യം, സാഹസികത, ആത്മാവ്, ദൈവവുമായി ചേർന്ന സഹസർഗാത്മകത, വിവേചനം, സമരം, നിശബ്ദത, പ്രബുദ്ധത, നൈർമ്മല്യം, മന്ദസ്മിതം, സഹാനുഭൂതി, സമൂഹം (എല്ലാം ഉൾപ്പെട്ടിരുന്നു). അദ്ദേഹത്തിന്റെ മൃത്യുവിധേയമായ ശരീരഘടനയ്ക്ക് ആ സ്ഥലത്തുനിന്നും പൊട്ടിത്തെറിച്ച നക്ഷത്രപഥങ്ങളുടെ ഒരേ സമയത്ത് ബഹുവീക്ഷണങ്ങളിൽ ദൃശ്യമായ പ്രൗഢിയെ നിവേദിക്കാനാവുമായിരുന്നില്ല. സാമാന്യത്തിന്റെ, ജ്ഞാതമായതിന്റെ, പ്രസ്പഷ്ടതയുടെ ദുർഗങ്ങളിൽ ആനന്ദം കണ്ടെത്തിയവർക്ക് (ഒരുപക്ഷേ അവർക്ക് മനസ്സില്ലാത്തതിനാലാവാം) ഒരിക്കലും ഇരുണ്ട അറ തുളച്ചു പ്രകാശത്തിന്റെ

ഉറവിടങ്ങളിലേക്കിറങ്ങുവാൻ സാധിച്ചിട്ടില്ല.

ഗുരു ഗ്രീഗോറിയോസിനെ സംബന്ധിച്ചിടത്തോളം ആ ദർശനത്തിന്റെ ഭൂമിക ദൈവരാജ്യമായിരുന്നു. ദൈവം സന്നിഹിതമാവുകയെന്നാൽ നന്മ സന്നിഹിതമാവുകയെന്നതാണ്. എവിടെ നന്മയുണ്ടോ അവിടമാണ് ദൈവ രാജ്യം. നന്മയോടും സൗന്ദര്യത്തോടുമുള്ള അദ്ദേഹത്തിന്റെ അദ്ധ്യാത്മ പ്രേമത്തിന്റെ സംഗീതം ശ്രവിക്കൂ:

"നന്മയെ, വ്യത്യസ്ത വിശ്വാസങ്ങളിൽപെട്ട ജനങ്ങളിലും മതങ്ങളി ലും, ദൈവത്തിൽ വിശ്വസിക്കുന്നില്ല എന്ന് അവകാശവാദം ഉന്നയിക്കു ന്നവരിലും, പക്ഷികളിലും, മൃഗങ്ങളിലും, വൃക്ഷങ്ങളിലും, പൂക്കളിലും, പർവ്വതങ്ങളിലും, നദികളിലും, വായുവിലും ആകാശത്തിലും, സൂര്യനിലും ചന്ദ്രനിലും, ശില്പങ്ങളിലും ചിത്രങ്ങളിലും, സംഗീതത്തിലും കലയിലും, ശിശുവിന്റെ പുഞ്ചിരിയിലും ജ്ഞാനിയുടെ ബുദ്ധിയിലും, പ്രഭാതത്തിന്റെ അരുണിമയിലും സൂര്യാസ്തമയത്തിന്റെ വർണ്ണശബളിമയിലും, എവിടെ കാണപ്പെട്ടാലും ഞാൻ പ്രണമിക്കുന്നു"[2]

ഗ്രിഗോറിയൻ വേദശാസ്ത്ര വിചിന്തനത്തിന്റെ അടിസ്ഥാനം ദൈവ പുത്രന്റെ മൂർത്തിമദ് രൂപമായ യേശുക്രിസ്തുവിൽ നടന്ന ദൈവമനുഷ്യ സംയോഗത്തിന്റെ ക്രിസ്തീയ ദൃഢീകരണമാണ്. മാനുഷിക മദ്ധ്യസ്ഥത യുടെ സർവ്വോത്തമ മാകൃക ക്രിസ്തുവാണ്. മനുഷ്യസമൂഹം മദ്ധ്യസ്ഥത പാലിക്കുന്നുവെന്ന് യവനചിന്തകർ ഗ്രഹിച്ചിരുന്നു. ഈ ആശയം അതിന്റെ ക്രിസ്തീയഭാഷ്യത്തിൽ പൗലോസ് മാർ ഗ്രീഗോറിയോസിനു ലഭിച്ചത്, അദ്ദേഹം ആരാധ്യനായ ഗുരുവായി വരിച്ച ദാർശനികനും വേദശാസ്ത്ര ജ്ഞനും ക്രാന്തദർശിയുമായിരുന്ന നാലാം ശതകത്തിലെ നിസായിലെ ഗ്രിഗറിയിൽ നിന്നുമാണ്. വ്യക്തിയെന്ന നിലയിൽ മനുഷ്യന് പല തല ങ്ങളിൽ മദ്ധ്യസ്ഥത വഹിക്കാം. ഇന്ദ്രിയാധിഷ്ഠവും ധൈഷണികവും തമ്മിൽ, വസ്തുവും ആത്മാവും തമ്മിൽ, ശരീരവും ആത്മാവും തമ്മിൽ, യുക്തിയും നിയുക്തികതയും തമ്മിൽ, മനുഷ്യന് ഒരു 'സീമാമുഖ'മാകാം. നിസായിലെ ഗ്രിഗറി മനുഷ്യന്റെ ഈ സീമാമുഖസ്ഥിതി മുഖ്യമായും കാണുന്നത് നന്മയുടെയും തിന്മയുടെയും മദ്ധ്യത്തിലാണ്; അതിനാൽ ഉണ്മയുടെയും ശൂന്യതയുടെയുമെന്ന പോലെ ജീവിതത്തിന്റെയും മരണ ത്തിന്റെയും മദ്ധ്യത്തിൽ ഈ ആശയം മനുഷ്യസ്വാതന്ത്ര്യത്തോട് അവ ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു.

നമ്മുടെ ഗുരുനാഥനായ ഗ്രീഗോറിയോസിനെ സംബന്ധിച്ചിടത്തോളം മനുഷ്യവംശത്തിന്റെ 'മാദ്ധ്യമികസ്വഭാവം' സുപ്രധാനമാണ്. മദ്ധ്യസ്ഥ ധർമ്മം നിർവഹിക്കുമ്പോഴാണ് മനുഷ്യസമൂഹം ഏറ്റവും ഉൽകൃഷ്ടാവ സ്ഥയിൽ ദൃശ്യമാകുന്നത്. അദ്ദേഹം നിലയുറപ്പിച്ചത് ഈ ലോകത്തി

ന്റെയും, സ്ഥലകാല സത്തയുടെയും അകത്തും അപ്പുറത്തുമുള്ള പര ശ്ശതം ലോകങ്ങളുടെയും മദ്ധ്യത്തിലാണ് – മതേതര ശാസ്ത്രത്തിന്റെയും പവിത്ര ശിക്ഷണത്തിന്റെയും മദ്ധ്യത്തിൽ, ആർജിത വിജ്ഞാനത്തിന്റെയും അദ്ധ്യയിതമായ അജ്ഞാനത്തിന്റെയും മദ്ധ്യത്തിൽ, ജ്ഞാനാധിപത്യത്തി ന്റെയും ദുർജ്ഞേയ രഹസ്യാത്മകതയുടെയും മദ്ധ്യത്തിൽ, ജ്വലിക്കുന്ന മുൾപ്പടർപ്പിലെ വെളിപ്പാടിൽ സിദ്ധിച്ച ബോധോദയത്തിന്റെയും അവാ ച്യമായ ദൈവരഹസ്യത്തിന്റെ സാന്ദ്രതമസ്സാകുന്ന അജ്ഞേയതയുടെ മൗനത്തിന്റെയും മദ്ധ്യത്തിൽ.[3]

ലോകവുമായുള്ള സംവേദനത്തിന്റെ വേരറുക്കുന്ന പരിവർജ്ജാത്മ കവും പ്രാദേശികവുമായ ഒരു സങ്കുചിത സിദ്ധാന്തമായി ദൈവവും മനു ഷ്യരാശിയും തമ്മിലുള്ള സംയോഗത്തെ സംബന്ധിച്ച സുദൃഢവിശ്വാ സത്തെ അനേകം ക്രൈസ്തവർ വ്യാഖ്യാനിച്ചിട്ടുണ്ട്. എന്നാൽ ഗുരു ഗ്രീഗോറിയോസിന്റെ കാഴ്ചപ്പാടിൽ ശരീരിയായ ക്രിസ്തുവിന്റെ 'മാദ്ധ്യ മികസ്വഭാവം' (സീമാമുഖസ്ഥിതി) ലോകവുമായുള്ള സർഗസംവാദത്തി ന്റെയും ആദ്ധ്യാത്മിക സംയോഗത്തിന്റെയും മുഖ്യസ്രോതസ്സായിരുന്നു. ക്രിസ്തുവിന്റെ 'സീമാമുഖസ്ഥിതി' ആധുനിക ക്രിസ്തുശിഷ്യനായ മാർ ഗ്രീഗോറിയോസിന്റെ സത്തയെയും "സ്നേഹത്തിലും സത്യത്തിലും സർവമനുഷ്യരാശിക്കും വേണ്ടി തുറന്നു കൊടുത്തു." ഇതാണ് പൗരസ്ത്യ ക്രൈസ്തവപാരമ്പര്യവും അദ്ദേഹത്തെ ഉദ്ബോധിപ്പിച്ചത്. അസാധാരണ സാഹസികതയോടും അത്യന്തം എളിമയോടും അദ്ദേഹം പ്രകൃതിശാസ്ത്ര ത്തിന്റെയും, സാമൂഹികശാസ്ത്രത്തിന്റെയും, സാമൂഹിക രാഷ്ട്രീയ പ്രക്രി യകളുടെയും, ആദ്ധ്യാത്മികവും ബൗദ്ധികവുമായ സമ്പ്രദായങ്ങളുടെയും, സർവോപരി 'സൗഖ്യ'ത്തിന്റെയും, സമ്പൂർണ്ണാരോഗ്യം വീണ്ടുകിട്ടുന്നതി നുള്ള മാർഗങ്ങളുടെയും ശ്രീകോവിലിലേക്കു അത്ഭുതാവഹമായ തീർത്ഥ യാത്രകൾ നടത്തി.

വിഭജനമോ വിഭ്രാന്തിയോ ഇല്ലാതെ ക്രിസ്തുവിൽ സാധിതമായ ദൈവ മനുഷ്യ സമ്പൂർണ സംയോഗത്തിലുള്ള വിശ്വാസത്തിൽ നിന്നുമാണ് അദ്ദേ ഹത്തിന്റെ വിശ്വദർശനം വികസിച്ചു വന്നത്. സ്രഷ്ടാവിന്റെയും സൃഷ്ടി യുടെയും ആധികാരിക സംയോഗത്തിന്റെ അടിസ്ഥാനത്തിൽ മാർ ഗ്രീഗോ റിയോസ് സീമകളെ സുതാര്യമാക്കുവാനും, അവയെ വേർതിരിവിന്റെയും വിവേചനത്തിന്റെയുമെന്നതിനു പകരം സംയോഗത്തിന്റെ മേഖലയാക്കാനും അനുസ്യൂതം പരിശ്രമിച്ചുകൊണ്ടിരുന്നു. വെളുത്തവരും അല്ലാത്തവരും തമ്മിലും, മുഖ്യ സംസ്കാരധാരാ സംവാഹകരും ദളിതവർഗക്കാരും ആദി വാസികളുമടങ്ങുന്ന പതിതരും തമ്മിലും, മാനവധാർഷ്ട്യം നിർമ്മിച്ച നെടു ങ്കോട്ടകൾക്കും മുകളിൽ സൂചിപ്പിച്ച തരത്തിലുള്ള പൈശാചിക ദ്വന്ദ്വ ങ്ങൾക്കുമെതിരെ പ്രവാചകരോഷത്തോടെ അദ്ദേഹം ആഞ്ഞടിച്ചു.

സ്വന്തം വൈതാളികരെയും സഖ്യങ്ങളെയും ലോകത്തെവിടെയും വ്യാപിപ്പിച്ചിട്ടുള്ള അഹങ്കാരപ്രമത്തവും സ്വയംസംതൃപ്തവുമായ പാശ്ചാത്യതരം ക്രിസ്തുമതവുമായുള്ള അദ്ദേഹത്തിന്റെ പോരാട്ടം അതിരൂക്ഷമായിരുന്നു. മദ്ധ്യസ്ഥ ദൗത്യത്തെപ്പറ്റിയുള്ള ആത്മബോധം മൂലം അദ്ദേഹം സമാധാനദൂതനായി സംഘർഷവും ഹിംസയും നടമാടിയ പല ദിശകളിലേക്കും ചെന്നെത്തുകയും, വിവിധ രാജ്യങ്ങളുടെയും സംസ്കാരങ്ങളുടെയും സീമകളിലേക്ക് പറക്കുകയും, മനുഷ്യരാശിയോട് പ്രതിബദ്ധമായ ഒരു പുതിയ സംവിധാനക്രമത്തിന്റെ പ്രഘോഷകനാവുകയും ചെയ്തു.

മാർ ഗ്രീഗോറിയോസ് ഒരേ മന്ത്രം സദാ ആവർത്തിച്ചിരുന്നു: “ക്രിസ്തുവാണെന്റെ സമസ്തവും, അവിടുന്നില്ലാതെ ഞാൻ യാതൊന്നുമല്ല. ക്രിസ്തുശരീരത്തിലുള്ള സർവരുമായി ഞാൻ ആ ജീവൻ പങ്കിടുന്നു. ക്രിസ്തുവിന്റെ സ്നേഹം സർവ മനുഷ്യരാശിക്കും വേണ്ടിയുള്ളതാണ്. ക്രിസ്ത്യാനികൾക്കു വേണ്ടി മാത്രമുള്ളതല്ല. അവിടുന്ന് മരണം വരിച്ചത് സർവ്വ മാനവർക്കും വേണ്ടിയാണ്.”

“ക്രിസ്തു നമ്മെ സ്വാതന്ത്ര്യത്തിനുവേണ്ടി സ്വതന്ത്രരാക്കി. അതിനാൽ ഉറച്ചു നിൽക്കുക. വീണ്ടും അടിമത്വത്തിന്റെ നുകത്തിനു വഴങ്ങാതിരിക്കുക” (ഗലാത്യർ 5:1).

സ്വാതന്ത്ര്യമാണ് ഗ്രിഗോറിയൻ വേദശാസ്ത്രത്തിലെ കാതലായ തത്വം. “ഏതൊരു നാഗരികതയ്ക്കും കേന്ദ്രമായ മൂല്യമാണ് സ്വാതന്ത്ര്യം.[5]

സാക്ഷാൽ സ്വാതന്ത്ര്യം നന്മ ചെയ്യാനും അറിയാനും, നന്മ ആഗ്രഹിക്കാനും ഇച്ഛിക്കാനുമുള്ള സർഗാത്മകതയാണ്. അത് വ്യക്തിയിലും സമൂഹത്തിലും സംയുക്തമായി അർപ്പിതമാണ്.

മാർ ഗ്രീഗോറിയോസിന്റെ വ്യക്തിത്വത്തിലും പ്രവർത്തനത്തിലും ദൃശ്യമായ അസ്വസ്ഥത യഥാർത്ഥ സ്വാതന്ത്ര്യം തേടി അദ്ദേഹം അനുസ്യൂതം നടത്തിക്കൊണ്ടിരുന്ന അന്വേഷണത്തിൽ നിന്ന് ഉയിരെടുത്തതാണ്. യാഥാർത്ഥ്യത്തിന്റെ ഏതെങ്കിലും പ്രത്യേക ചിന്താരീതിയോ മാതൃകയോ തന്നെ അടിമയാക്കാൻ അദ്ദേഹം ഒരിക്കലും അനുവദിച്ചിരുന്നില്ല. എന്നാൽ യാഥാർത്ഥ്യം സംബന്ധിച്ചും ലോകത്തിന്റെ ഭാവി സംബന്ധിച്ചും ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ അറിവുകളെയും അഭിപ്രായങ്ങളെയും പിടിച്ചെടുക്കുവാൻ, സംവേദനക്ഷമതയോടും ആദരവോടും കൂടി അദ്ദേഹം സദാ നിരീക്ഷിച്ചുകൊണ്ടിരുന്നു. ക്രിസ്തുവിൽ കേന്ദ്രീകൃതമായ പുതിയ മാനവികതയുടെ സ്വാതന്ത്ര്യവും സർഗാത്മകതയും അദ്ദേഹത്തെ മാടിവിളിച്ചുകൊണ്ടിരുന്നു. അതിനോട് വിധേയത്വത്തോടു കൂടിയാണെങ്കിലും സാഹസികതയോടെ അദ്ദേഹം പ്രതികരിച്ചു.

മനുഷ്യസ്വാതന്ത്ര്യത്തെപ്പറ്റിയുള്ള പ്രാകൃതമായ അനുഭവത്തിൽ നിന്നുമാണ് അദ്ദേഹം മനുഷ്യപാപത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് വന്നെത്തിയത്. പാപത്തെപ്പറ്റി പ്രതിലോമക്രമത്തിൽ പരിചിന്തിച്ച് ധൈഷണികവും ആദ്ധ്യാത്മികവുമായ പരമാർത്ഥ ദർശനത്തെ കലുഷിതമാക്കിയതിന്, പാശ്ചാത്യ പാരമ്പര്യത്തിന്റെ ജനയിതാവും മുഖ്യസ്രോതസ്സുമായ മഹാനായ അഗസ്റ്റിനെ അദ്ദേഹം വിമർശിച്ചു. പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യമനുസരിച്ച്, പാപം തിന്മയെന്ന നിലയിൽ യഥാർത്ഥ മനുഷ്യസമുദായത്തിന് അന്യമാണെന്നും, തിന്മയ്ക്കു സത്തയോ അനശ്വരതയോ ഇല്ലെന്നുമുള്ള നിലപാട് മാർ ഗ്രീഗോറിയോസ് സ്വീകരിച്ചു. തിന്മ നന്മയുടെ അഭാവം മാത്രമാണ്. നന്മയുടെ മാർഗത്തിൽ ദൈവദത്തമായ സ്വാതന്ത്ര്യത്തെ പ്രയോഗിക്കുവാൻ മനുഷ്യൻ വീണ്ടും പഠിക്കുന്നതോടെ, ദൈവസൃഷ്ടിയിൽ നിന്നും അത് ആത്യന്തികമായി ദുരീകരിക്കപ്പെടും.

മാർ ഗ്രീഗോറിയോസ് ചരിത്രത്തെ ഗൗരവമായി കണക്കാക്കി. എങ്കിലും ഇപ്പോൾ നാം കാണുന്നത്, അതിന്റെ പ്രകൃഷ്ട രൂപത്തിൽ പോലും വികൃതമാക്കപ്പെട്ട ചരിത്രമാണെന്ന് അദ്ദേഹം വിശ്വസിച്ചു. മനുഷ്യപ്രകൃതിയുടെ ദുരുപയോഗം മൂലം സ്ഥലകാലങ്ങൾക്കു തന്നെ മാലിന്യം സംഭവിച്ചിരിക്കുന്നു. സർഗാത്മകത ഞെരിക്കപ്പെട്ടിരിക്കുന്നു. അതുമൂലമുള്ള പീഡനം സ്വന്തം വ്യക്തിത്വത്തിലും അദ്ദേഹത്തിന് അനുഭവപ്പെട്ടു.

ഗുരു ഗ്രീഗോറിയോസിന് അനായാസമായും ശാലീനമായും, ആൽവിൻ ടോഫ്ളർ വിവരിച്ച, ഇരുപതാം നൂറ്റാണ്ടിന്റെ (വക്കത്തുള്ള) അഗ്രത്തുള്ള സദാ ചലനാത്മകമായ ജ്ഞാനത്തിന്റെയും ധനത്തിന്റെയും ഹിംസയുടെയും 'അധികാര സംക്രമണ' ഘട്ടത്തോട് അനുരൂപണം ചെയ്യാൻ കഴിയുമായിരുന്നു.[6]

ഈ വിശ്വപൗരന് ക്ലേശരഹിതമായി, മാധ്യമശൃംഖലയിലും അതിന്റെ സാങ്കേതികവിദ്യയുടെ രാജവീഥികളിലും ഒരു മാധ്യമപൗരനാകുവാൻ സാധിച്ചിരുന്നു. അദ്ദേഹം തൊഴിലാളി വർഗത്തോടെന്ന പോലെ ധൈഷണിക വർഗത്തോടും ഇണങ്ങിച്ചേർന്നിരുന്നു. വർത്തമാനകാലത്തെ സാമ്പത്തിക ക്രമത്തോടെന്ന പോലെ കമ്പ്യൂട്ടറധിഷ്ഠിത സമ്പദ്വ്യവസ്ഥയോടും അദ്ദേഹം ആഭിമുഖ്യം പുലർത്തി.

ലോകങ്ങൾ മാറി മാറി വരുന്നതിൽ യാതൊരു സംഘർഷവും അദ്ദേഹത്തിന് അനുഭവപ്പെട്ടില്ല. അദ്ദേഹത്തിന് സർവ്വത്തിന്റെയും ഉറവിടം, സർവ്വജ്ഞാനത്തിന്റെയും അറിവിന്റെയും വൈദഗ്ദ്ധ്യത്തിന്റെയും ശക്തിയുടെയും ഉറവിടം പരിശുദ്ധാത്മാവായിരുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ഉറവിടത്തെയും പരിശുദ്ധാത്മാവിനു പുറത്തു തേടേണ്ടതില്ല. തീർച്ചയായും വിശ്വാസത്തിനെന്നതുപോലെ ശാസ്ത്രത്തിനും

സാങ്കേതികവിദ്യയ്ക്കും പൈശാചികമാകാമെന്നുള്ളത് സത്യമാണ്.

“ഊർജ്ജതന്ത്രം, രാഷ്ട്രീയം, സാമ്പത്തികശാസ്ത്രം, ജീവശാസ്ത്രം, ലോകം, സഭ എന്നീ രംഗങ്ങളിലും എല്ലാ നൈസർഗിക സത്യാത്മക പ്രദീപ്തീകരണങ്ങളും വിശദീകരണങ്ങളും പരിശുദ്ധാത്മാവിൽ നിന്നുമാണ് വന്നിട്ടുള്ളത്. ഭരണാധിപനും, നിയമനിർമ്മാതാവും, മഹാപുരോഹിതനും, ശാസ്ത്രജ്ഞനും, കമ്പ്യൂട്ടർ വിദഗ്ദ്ധനും, മതപ്രബോധകനും ശരിയായ വൈദഗ്ദ്ധ്യവും അറിവും ലഭിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നുമാണ്. കലയും ശാസ്ത്രവും ദർശനവും വിശ്വാസവുമെല്ലാം നിർഗമിക്കുന്നതു പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മൂലമാണ്.”[7]

എങ്കിലും അന്വേഷണത്വര പൂണ്ട മാർ ഗ്രീഗോറിയോസ് സമയത്തിന്റെയും കാലത്തിന്റെയും ബന്ധനം പൊട്ടിച്ചു പുറത്തുചാടുവാൻ അഭിവാഞ്ചിച്ചു. ലോകത്തോടു മമത പുലർത്താതെ, ലോകത്തിന്റെ അവകാശത്തിനു പുറത്തു ചാടുവാൻ കൊതിച്ചു. പക്ഷേ അദ്ദേഹം വീണ്ടും അതിലേക്കു തന്നെ ക്ഷണിക്കപ്പെട്ടു. ജീവിതത്തെയും അതിന്റെ സൗന്ദര്യത്തെയും പ്രഖ്യാപനം ചെയ്യാനും, അതിനുവേണ്ടി പോരാടാനും, അധികാര കസേരകൾക്കെതിരായി മനുഷ്യക്ഷേമത്തിനു വേണ്ടിയുള്ള സമരത്തിന്റെ മുൻപന്തിയിൽ ഉറച്ചു നിൽക്കാനും അദ്ദേഹത്തോടാവശ്യപ്പെട്ടു. ഇതായിരുന്നു അദ്ദേഹത്തിന്റെ ദൈവശാസ്ത്രം. അദ്ദേഹത്തിന്റെ പ്രതിബദ്ധതയും ഇതു തന്നെ. ക്രിസ്തുവിൽ വെളിപ്പെട്ടതും മനുഷ്യരാശിയ്ക്കു വേണ്ടി ദൈവത്തിൽ നിന്നു ലഭിച്ചതുമായ ദൈവസ്നേഹം അദ്ദേഹത്തെ പ്രചോദിപ്പിച്ചു, മുമ്പോട്ടു കുതിക്കാൻ സഹായിച്ചു.

പാണ്ഡിത്യത്തിന്റെ അഹങ്കാരം ബാധിച്ച ഇടത്തരം പാശ്ചാത്യർ അഹങ്കാരമുറ്റ ബുദ്ധിജീവിയായി ഇടിച്ചുതാഴ്ത്തിയിരുന്ന ‘ഗ്രീഗോറിയോസ് മഹർഷി’ അത്യധികം വിനയാന്വിതനും ആർദ്രമനസ്ക്കനുമായിരുന്നു. അദൃശ്യമായ സത്തയെ കാണാൻ കഴിവുള്ള ബാലകർ അദ്ദേഹത്തെ ശരിക്കും മനസ്സിലാക്കി. സമുന്നത നിലവാരം പുലർത്തുന്ന മതേതര ചിന്തയുമായി സംവദിക്കാൻ സ്വന്തം സഭയുൾപ്പെടെയുള്ള സമൂഹങ്ങൾക്ക് പരിമിതിയും ഭയവുമുണ്ടെന്ന് അദ്ദേഹം സമ്മതിച്ചിരുന്നു. അതിൽ അപകടമുണ്ടെങ്കിൽ സ്വന്തം സമൂഹത്തിന്റെ അതിജീവനമെന്നതിലുപരി സൃഷ്ടിക്രമത്തിൽ താല്പര്യമുണ്ടെങ്കിൽ ആ അപകടത്തെ നേരിടണമെന്ന് അദ്ദേഹം സർവ്വരോടും – മതവിഭാഗങ്ങളോടും മതേതര വിഭാഗത്തോടും – അപേക്ഷിച്ചു. എന്തെന്നാൽ ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും, രാഷ്ട്രീയ സംവിധാനത്തിന്റെയും ദാർശനിക വിചിന്തനത്തിന്റെയും വീണ്ടെടുപ്പും നവീകരണവും മതസമൂഹങ്ങളുടെ പങ്കാളിത്തമില്ലാതെ സാധ്യമല്ലെന്ന് അദ്ദേഹത്തിന് ബോദ്ധ്യമുണ്ടായിരുന്നു.[8]

അതിനാൽ ഇരുപക്ഷത്തോടും അദ്ദേഹം ആഹ്വാനം ചെയ്തു: "മനുഷ്യരാശിയ്ക്കുവേണ്ടി, അതിന്റെ വികാസം തിന്മയിൽ നിന്നും നന്മയിലേക്കും, വിനാശത്തിൽ നിന്നും പുനർനിർമ്മാണത്തിലേക്കും, വൈരുദ്ധ്യത്തിൽ നിന്നും സൗന്ദര്യത്തിലേക്കും, അസത്യത്തിൽ നിന്നും സത്യത്തിലേക്കും, അടിമത്ത്വത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കും, നൈരാശ്യത്തിൽ നിന്നും പ്രതീക്ഷയിലേക്കും, നിരുന്മേഷതയിൽ നിന്നും ആനന്ദത്തിലേക്കുമാകുവാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം."

പിതാവും ഗുരുവുമായ അങ്ങയുടെ ഓർമ്മ അനുഗൃഹീതമാവുന്നു.

1. 'എൽ അലഫ്' എന്ന കവിതയിൽ അർജന്റീനക്കാരനായ ബോർഹെസ് എന്ന കവിയും കഥാകൃത്തും ഇങ്ങനെയൊരു സ്ഥലത്തെ വിഭാവനം ചെയ്യുന്നു.
2. പൗലോസ് മാർ ഗ്രീഗോറിയോസ്, 'ദ് ലാസ്റ്റ്‌വിൽ ആൻഡ് ടെസ്റ്റമെന്റ്.'
3. പൗരസ്ത്യ ക്രൈസ്തവ ദർശനത്തിൽ മോശയുടെ ഈ അനുഭവം സുപ്രധാനമാണ്.
4. 'ദ് ലാസ്റ്റ് വിൽ ആൻഡ് ടെസ്റ്റമെന്റ്.'
5. പൗലോസ് മാർ ഗ്രീഗോറിയോസ്, 'എ ലൈറ്റ് റ്റൂ ബ്രൈറ്റ്,' സ്റ്റേറ്റ് യൂണിവേഴ്സിറ്റി പ്രസ്, ന്യൂയോർക്ക്, 1992, പേജ് 234.
6. ആൽവിൻ ടോഫ്ളർ, പൗവർ ഷിഫ്റ്റ്, നോളഡ്ജ്, വെൽത്ത്, ആൻഡ് വയലൻസ് അറ്റ് ദ് എഡ്ജ് ആൻഡ് ദ് റ്റ്വന്റിയത്ത് സെഞ്ചുറി, ബാന്റം ബുക്സ്, 1991.
7. പൗലോസ് മാർ ഗ്രീഗോറിയോസ്, സയൻസ് ഫോർ സെയിൻ സൊസൈറ്റീസ്, പാരഗൺ ഹൗസ്, ന്യൂയോർക്ക്, 1987, പേജ് 97.
8. ടി. പുറം 236.

(ഡൽഹിയിലെ ഇന്ത്യാ ഇന്റർനാഷണൽ സെന്ററിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ സ്വതന്ത്ര വിവർത്തനം. വിവർത്തകൻ: കെ. എം. തരകൻ)



# ദളം 2

# വാമൊഴികൾ

# 1

# ഗുരുസാന്നിധ്യത്തെ ഹൃദയത്തിൽ സംവഹിക്കുക

പ. ബാവാ തിരുമേനി, അഭിവന്ദ്യ പൗവ്വത്തിൽ തിരുമേനി, അഭിവന്ദ്യരായ പിതാക്കന്മാരേ, സഹോദരങ്ങളെ, അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനിയുടെ നിരവധി ശിഷ്യന്മാരിൽ ഒരുവനായ എനിക്ക്, ഈ സമ്മേളനത്തിൽ പങ്കെടുക്കുവാൻ യാദൃശ്ചികമായിട്ടാണെങ്കിലും അവസരമുണ്ടായതിൽ ഞാൻ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഗുരുക്കന്മാരും ഗുരുസ്ഥാനീയരുമായ പല പിതാക്കന്മാരും ഈ സദസ്സിൽ സന്നിഹിതരാണ്. എനിക്ക് അതീവ ബഹുമാനമുള്ള ഗുരുക്കന്മാരെക്കുറിച്ച് അവരുടെ സാന്നിദ്ധ്യത്തിൽ വച്ച് അവരുടെ മുഖം കണ്ടുകൊണ്ട് എന്തെങ്കിലും പറയുവാൻ ബുദ്ധിമുട്ടുണ്ട്. 'ഗുരുക്കന്മാരെ' വാക്കുകൾ കൊണ്ട് പ്രശംസിക്കുക ഭാരതീയ പാരമ്പര്യമാണെന്ന് എനിക്ക് തോന്നുന്നില്ല. ഗുരുവിനെ പ്രണമിക്കുക, ഗുരുവിനെ അനുധാവനം ചെയ്യുക, ഗുരുസാന്നിധ്യത്തെ ഹൃദയത്തിൽ സംവഹിക്കുക ഇതാണ് ശരിയായ ഭാരതീയ പാരമ്പര്യം എന്ന് എനിക്ക് തോന്നുന്നു. വാക്കുകൾ കൊണ്ട് വലിയ പ്രയോജനമില്ല. അതു മാത്രവുമല്ല വാക്കും അർത്ഥവും തമ്മിലുള്ള ബന്ധം അറ്റുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു യുഗമാണ് ഇത്.

പുരാതന ചൈനാക്കാർക്ക് ചിത്രകലയും അർത്ഥവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചില ധാരണകൾ ഉണ്ടായിരുന്നു. ഒരു സുപ്രസിദ്ധമായ കഥയുണ്ട്. അവിടുത്തെ പുരാതന രാജവംശത്തിലെ ചക്രവർത്തിക്ക് വളരെ പ്രസിദ്ധനായ ഒരു പടക്കുതിരയുണ്ടായിരുന്നു. ചക്രവർത്തി പ്രസിദ്ധനായ ഒരു ചിത്രകാരനെ, ആ പടക്കുതിരയുടെ ചിത്രം വരയ്ക്കുവാൻ ചുമതലപ്പെടുത്തി. വളരെ മനോഹരമായി, സജീവമായി, ഊർജസ്വലനായ കുതിരയുടെ ഒരു അതിമനോഹരമായ ചിത്രം ചിത്രകാരൻ രചിച്ച് ചക്രവർത്തിക്ക് സമർപ്പിച്ചു. പക്ഷേ പടം വരച്ച് കഴിഞ്ഞപ്പോൾ മുതൽ, കുതിരാലയത്തിൽ ചക്രവർത്തിയുടെ വലിയ പടക്കുതിര മുടന്തി നടക്കുവാൻ തുടങ്ങി. എല്ലാവർക്കും പരിഭ്രാന്തിയായി. രാജകൊട്ടാരത്തിൽ അങ്കലാപ്പായി. രാജാവിന് ദുഃഖമായി. എന്താണ് ഇത്ര ശക്തനായ കുതിരയ്ക്ക് മുടന്തുണ്ടായത്? അന്വേഷിച്ച് ചെന്നപ്പോൾ മനസിലായി, പ്രസിദ്ധനായ ചിത്രകാരൻ പടം വരച്ചപ്പോൾ അലക്ഷ്യത കൊണ്ട് ആ കുതിരയുടെ ഒരു കുളമ്പിന്റെ ഒരു ഭാഗം വരയ്ക്കുവാൻ വിട്ടുപോയി. അതുകൊണ്ട് അങ്ങനെ അപൂർണ്ണമായ ചിത്രം വരച്ചുകഴിഞ്ഞപ്പോൾ കുതിരയ്ക്ക് മുടന്തുണ്ടായി എന്നാണ് അവരുടെ കഥ. പ്രതിഭയുടെ തിളക്കമേറിയ അശ്വത്തിന്മേൽ

ആരൂഢനായി മിന്നിത്തെളിച്ച് സഞ്ചരിക്കുന്ന അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനിയെപ്പോലെയുള്ള ഗുരുക്കന്മാരുടെ ചിത്രം വരയ്ക്കുവാൻ അപ്രഗത്ഭരായ ആളുകൾ ശ്രമിച്ചാൽ ചിലപ്പോൾ ഗുരുക്കന്മാർക്ക് മുടന്തുണ്ടായിപ്പോകും. അതുകൊണ്ട് വാക്കുകൾ ഉപയോഗിച്ച് ഞാനതിന് ശ്രമിക്കുന്നില്ല.

സാധാരണയായി തിരുമേനി മൂന്നു കാര്യങ്ങളാണ് എപ്പോഴും പറയാറുള്ളത്. എങ്കിലും സമയമില്ലാത്തതു കൊണ്ട് ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. അനേകരുടെ ഉൾക്കണ്ണുകളെ പ്രകാശിപ്പിച്ചിട്ടുള്ള ഒരു ആചാര്യനാണ് അഭിവന്ദ്യ തിരുമേനി. നമ്മുടെ പാരമ്പര്യമനുസരിച്ച് ഗുരുക്കന്മാർ കണ്ണു തെളിക്കുന്നവരാണ്. വിദ്യാഭ്യാസം കണ്ണു തെളിയലാണ് എന്നാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്. അക്ഷരം കൂട്ടി വായിക്കുവാൻ പഠിപ്പിക്കുന്നത് കുട്ടികളുടെ കണ്ണു തെളിക്കലാണ്. പക്ഷേ കണ്ണു തെളിഞ്ഞു, തെളിഞ്ഞു വരുമ്പോൾ എന്താണ് സംഭവിക്കുന്നത്? ഇക്കാണുന്ന ലോകത്തിനുള്ളിൽ ഇതിനേക്കാൾ വലിയ മറ്റൊരു ലോകം. അതിനുള്ളിൽ വീണ്ടും അതിനേക്കാൾ വലിയ മറ്റൊരു ലോകം. അങ്ങനെ അങ്ങനെ അനുക്രമമായി, അനവരതമായി വികസ്വരമാകുന്ന ലോകങ്ങളുടെ പരമ്പര. ജ്ഞാനത്തിന്റെ സാന്ദ്രമായ പ്രകാശം കണ്ട് തെളിഞ്ഞു വിളങ്ങുന്ന ഉൾക്കണ്ണുകൾ തമസ്സിലേക്ക് പ്രവേശിക്കുന്നു, അന്ധകാരത്തിലേക്ക് പ്രവേശിക്കുന്നു. ഇതാണ് അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനിയുടെ ഗുരുവായ നിസ്സായിലെ മാർ ഗ്രീഗോറിയോസ് പഠിപ്പിച്ചത്.

കണ്ണുകൾക്ക് പ്രവർത്തിക്കണമെങ്കിൽ പ്രകാശം വേണം. പ്രകാശമാണ് കാഴ്ചയുടെ മാധ്യമം. Indo - European ഭാഷകളിൽ "ദേവ" ശബ്ദത്തിന് വിളങ്ങുക, തെളിയുക, പ്രകാശിക്കുക എന്നൊക്കെ അർത്ഥമുണ്ട്. അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനിയുടെ ഗുരുസാന്നിദ്ധ്യം ദേവസാന്നിദ്ധ്യമായിത്തീർന്ന് നമ്മെ പ്രകാശിപ്പിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

വി. കുർബാന ആരംഭിക്കുമ്പോൾ നാം സങ്കീർത്തനത്തിൽ നിന്ന് ഒരു ഭാഗം ചൊല്ലുന്നുണ്ട്: "വെളിവു നിറഞ്ഞോരീശോ...." 'പ്രകാശത്തിന്റെ പൂർണ്ണമയനായ നാഥാ, നിന്റെ പ്രകാശത്താലാകുന്നു ഞങ്ങൾ പ്രകാശം കാണുന്നത്. സകല പ്രപഞ്ചത്തിന്റെയും അടിസ്ഥാനമായ പ്രകാശമേ, ഞങ്ങളെ പ്രകാശിപ്പിക്കേണമേ' എന്നാണ് പ്രാർത്ഥിക്കുന്നത്. അഭിവന്ദ്യ തിരുമേനിയുടെ ഗുരുസാന്നിദ്ധ്യം, ആത്മീയ സാന്നിധ്യമായി, ദേവസാന്നിധ്യമായി, നമ്മെ പ്രകാശത്തിന്റെ തമസ്സിലേക്ക് എന്നുമെന്നും വഴി നയിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

(1992 ൽ ഓർത്തഡോക്സ് സെമിനാരിയിൽ നടന്ന തിരുമേനിയുടെ സപ്തതി സമ്മേളനത്തിൽ ചെയ്ത പ്രസംഗം)

# 2
# മനസ്സിന്റെയും ആത്മാവിന്റെയും അഗ്നിയെ ജ്വലിപ്പിച്ചുകൊണ്ട്

സാധാരണ ഏതു മനുഷ്യനും പൂർണമായിട്ട് കിടന്നുപോകുന്ന ശാരീരിക അസ്വസ്ഥതകളുടെ മദ്ധ്യത്തിലും മനസ്സിന്റെയും ആത്മാവിന്റെയും അഗ്നിയെ ജ്വലിപ്പിച്ചുകൊണ്ട് അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനി പ്രവർത്തനനിരതനായിരിക്കുന്നു എന്നുള്ളത് എല്ലാവർക്കും സന്തോഷകരമായ വസ്തുതയാണ്. സെമിനാരിയുടെ എല്ലാ കാര്യങ്ങളിലും തിരുമേനി വരുന്നുണ്ട്. ക്രമമായിട്ട് വന്ന് ക്ലാസ്സുകളെടുക്കുവാൻ സാധിക്കുന്നില്ല എങ്കിലും അദ്ധ്യാപക സമ്മേളനങ്ങളിലും ഇവിടെ നടക്കുന്ന പ്രധാനപ്പെട്ട മറ്റു പരിപാടികളിലും തിരുമേനി വന്ന് ഞങ്ങൾക്ക് നേതൃത്വം നൽകുന്നു എന്നുള്ളത് ഏറ്റവും സന്തോഷകരമായ ഒരു സംഗതിയാണ്.

മനുഷ്യശരീരത്തെക്കുറിച്ചും മനസ്സിനെക്കുറിച്ചും ആത്മാവിനെക്കുറിച്ചുമുള്ള തിരുമേനിയുടെ ചിന്തകളിലും ദർശനങ്ങളിലും ഒരു ഭാഗമെങ്കിലും ഈ പുസ്തകത്തിൽ (Healing: A Holistic Approach) വന്നിട്ടുണ്ട്. അതുകൊണ്ട് ഇത് വളരെ വിശിഷ്ടമായ ഒരു ഗ്രന്ഥമാണെന്നും എല്ലാവരും അറിയേണ്ട കാര്യങ്ങളാണിതിൽ ഉള്ളതെന്നും ഞങ്ങൾക്കെല്ലാവർക്കും നേരത്തെതന്നെ ബോദ്ധ്യപ്പെട്ടിരുന്നു. അതുകൊണ്ടാണ് ഈ പുസ്തകം പ്രസാധനം ചെയ്യണമെന്ന് എല്ലാവരും കൂടി തീരുമാനിച്ചത്.

മനുഷ്യശരീരം ഒരു യന്ത്രമാണ്. അത് സംഘടിപ്പിക്കുവാനും വിഘടിപ്പിക്കുവാനും സാധിക്കുന്ന ഒന്നാണ് എന്നൊരു ചിന്ത ആധുനിക വൈദ്യശാസ്ത്രത്തിൽ രൂഢമൂലമായിട്ടുണ്ട്. 17-ാം നൂറ്റാണ്ടു മുതലെങ്കിലും പാശ്ചാത്യ രാജ്യങ്ങളിലുണ്ടായ ശാസ്ത്രീയ സാങ്കേതിക സംസ്കാരം അടിസ്ഥാനപരമായി യാന്ത്രിക സംസ്കാരമായിരുന്നു. എല്ലാത്തിനെയും യന്ത്രമായിട്ട് കണക്കാക്കുന്ന, പ്രപഞ്ചത്തെയും മനുഷ്യനെയും ഹീലുകളെയും ഒരു യന്ത്ര സംവിധാനമായി കാണുന്ന Matalistic Understanding ആണ് നിലനിന്നിരുന്നത്. ആ അടിസ്ഥാനത്തിലാണ് ആധുനിക വൈദ്യശാസ്ത്രവും വളരെയേറെ പുരോഗതി പ്രാപിച്ചത്. പക്ഷേ ഈ 20-ാം നൂറ്റാണ്ടിന്റെ അവസാനം നമുക്കറിയാം, അങ്ങനെ സംഘടിപ്പിക്കുവാനും വിഘടിപ്പിക്കുവാനും സാധിക്കുന്ന, ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും സംവിധാനത്തിന് വഴങ്ങുന്ന ഒരു യന്ത്രമല്ല മനുഷ്യശരീരവും

മനസ്സും ആത്മാംശവും ഒരുമിച്ച് ചേർന്ന് സൃഷ്ടിക്കുന്ന ആ മഹാത്ഭുതം എന്ന്. ഇതിനെക്കുറിച്ച് വളരെയേറെ വർഷങ്ങൾക്കു മുമ്പു തന്നെ അഭി. തിരുമനസ്സുകൊണ്ട് പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 30 വർഷം മുമ്പുള്ള ആശയങ്ങളും ഈ പുസ്തകത്തിനകത്ത് വന്നിട്ടുണ്ട്. നമ്മുടെ രാജ്യത്ത് തന്നെ പ്രഗൽഭരായ പല വൈദ്യശാസ്ത്രജ്ഞന്മാരും ഭിഷഗ്വരന്മാരും അറിയാത്ത കാര്യങ്ങൾ തിരുമേനി കണ്ടുപിടിക്കുകയും, അതുപോലെ വൈദ്യശാസ്ത്ര രംഗത്തുണ്ടായിരിക്കുന്ന ഏറ്റവും പുതിയ ഗവേഷണങ്ങളെയും ഉൾക്കാഴ്ചകളെയും സമന്വയിപ്പിച്ച് ഒരു പുതിയ ആരോഗ്യദർശനം, മാനുഷിക ദർശനം കണ്ടെടുക്കുവാനാണ് തിരുമേനി ശ്രമിച്ചിരിക്കുന്നത്. അതൊരു സാകല്യദർശനമാണ്. എല്ലാറ്റിനെയും ഒരുമിച്ച് ചേർക്കുന്ന സകലത്തെയും ഒരു പ്രത്യേകകാലക്രമത്തിൽ സ്രഷ്ടാവ് ആഗ്രഹിച്ചവിധം കാണുന്ന ദർശനമാണ് ഹോളിസ്റ്റിക് അപ്രോച്ച്. സാകല്യ ദർശനമാണത്. അതിന്റെ ചില കാര്യങ്ങൾ മാത്രം ഈ പുസ്തകത്തിൽ വരുന്നുണ്ട്. മറ്റു പല കൃതികളിലും പുസ്തകങ്ങളിലും തിരുമേനി ബാക്കി ഭാഗം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം ഒരുമിച്ചു ചേർത്തെങ്കിൽ മാത്രമേ അതിന്റെ തന്നെ ഹോളിസ്റ്റിക് അപ്രോച്ച് നമുക്ക് കിട്ടുകയുള്ളു.

(പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ Healing: A Holistic Approach എന്ന ഗ്രന്ഥത്തിന്റെ പ്രകാശന ചടങ്ങിലെ സ്വാഗത പ്രസംഗത്തിൽ നിന്ന്)

# 3
# വിശ്വസിക്കാനും അവിശ്വസിക്കുവാനുമാകാതെ

പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രകാശപൂർണമായ സാന്നിദ്ധ്യത്തിന് മുമ്പിൽ അദ്ദേഹത്തിന്റെ ആയിരമായിരം ശിഷ്യന്മാരോടൊപ്പം ഒരു ശിഷ്യനായ ഞാനും പ്രണമിക്കുന്നു. ഇങ്ങനെയൊരാൾ ജീവിച്ചിരുന്നു എന്ന് ഏതെങ്കിലും പുസ്തകങ്ങളിൽ വായിച്ച് അറിഞ്ഞിരുന്നുവെങ്കിൽ ഞാനത് ഒരുപക്ഷേ പൂർണമായും വിശ്വസിക്കുകയില്ലായിരുന്നു. പക്ഷേ ഇപ്പോഴിതാ ഈ തേജോഗോളം നമ്മുടെ കൺമുമ്പിൽ മിന്നിമറഞ്ഞിരിക്കുന്നു. വിശ്വസിക്കുവാനും അവിശ്വസിക്കുവാനുമാവാതെ നാം അന്ധാളിക്കുന്നു.

ഗ്രഹങ്ങളുടെ അപൂർവ്വസംഗമം വിസ്മയനീയ സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു. ഇവിടെ ദൈവകാരുണ്യം ജീവശക്തിയുടെ സവിശേഷമായ ജീനുകളെ ഉണർത്തി തിരുമേനിയിൽ സമ്മേളിപ്പിച്ചു. അപൂർവ്വമായ ഈ ജനിതക സംഗമം നമ്മെ വിസ്മയിപ്പിക്കുന്നു.

ഗ്രീഗോറിയോസ് തിരുമേനിയുടെ ജീവിതസൗധത്തിന്റെ ഉള്ളിലേക്ക് ഉൾക്കാഴ്ച നൽകുന്ന ചില ജനാലകൾ അദ്ദേഹം നമുക്കുവേണ്ടി നൽകിയിട്ടുണ്ട്. ചില ജനാലകളിൽ പ്രകാശം വഴിയുന്നത് നാം കാണുന്നു. അത് നാം വിശ്വസിക്കുന്നു. കാരണം അദ്ദേഹം സുതാര്യമായ നേർത്ത തിരശീലകളാണ് അവിടെ തൂക്കിയിരിക്കുന്നത്. മറ്റു ചില ജനാലകളിൽ അദ്ദേഹം കനത്ത തിരശീലകൾ തൂക്കിയിരിക്കുന്നു. പുറത്തുനിന്ന് അവിടേക്ക് നോക്കുന്നവർ കാണുന്നത് അന്ധകാരമാണ്. അവർ വിചാരിക്കുന്നു, അകത്തും ഇരുട്ടാണെന്ന്. അല്ല, അകത്ത് അഗ്നികുണ്ഡങ്ങൾ എരിയുകയാണ്; പ്രകാശം ഓളം വെട്ടുകയാണ്. പക്ഷേ പുറത്തുനിന്നു നോക്കുമ്പോൾ ഇതൊന്നും കാണാൻ സാധിക്കുന്നില്ല.

ഈ പരിശുദ്ധനെ മനസ്സിലാക്കുവാൻ പ്രഗത്ഭനായ പൗലോസ് അപ്പോസ്തോലന്റെ വാക്കുകൾ തന്നെയാണ് നമുക്ക് ശരണം. 'വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചു പോകാതിരിക്കേണ്ടതിന് ശരീരത്തിൽ എനിക്ക് ഒരു ശൂലം തന്നിരിക്കുന്നു' എന്ന് പ്രഗത്ഭനായ പൗലോസ് പറയുന്നു. ധിഷണയുടെ വെളിപാടുകൾ സമ്പന്നമായി തിരുമേനിക്ക് ദൈവം കനിഞ്ഞു നൽകി. പക്ഷേ അതോടൊപ്പം പല ശൂലങ്ങളും അദ്ദേഹത്തിന്റെ ശരീരത്തിലും, ബാഹ്യമായ അദ്ദേഹത്തിന്റെ പെരുമാറ്റത്തിലും നൽകി. അത് അദ്ദേഹത്തിന് അറിയാമായിരുന്നു. വേദന

യോടെ അതെല്ലാം സഹിച്ചുകൊണ്ട്, അത് ഏറ്റുവാങ്ങിയിട്ട് പൗലോസ് അപ്പോസ്തോലനെപ്പോലെ 'നിന്റെ കൃപ എനിക്കു മതി' എന്ന് ദൈവത്തോട് വിനയാന്വിതനായി പറയുകയും ചെയ്തു.

നാലു കൂട്ടം ആളുകളോട് തിരുമേനി പ്രത്യേകമായ കാരുണ്യവും വാത്സല്യവും കാട്ടിയിരുന്നു. കുഞ്ഞുങ്ങളോട്, പാവങ്ങളിൽ പാവപ്പെട്ടവരോട്, മാനസിക വിഭ്രാന്തി ബാധിച്ചവരോട്, നിഷ്കളങ്കമായി വിജ്ഞാനം തേടുന്നവരോട്. ഒരു കൂട്ടം ആളുകളുടെ മുമ്പിൽ തിരുമേനി വിനയത്തോടെ താണു വണങ്ങിയിരുന്നു; വിശുദ്ധരായ വ്യക്തികളാണവർ. ഹിമാലയ സാനുക്കളിൽ - ഋഷികേശിൽ - വിശുദ്ധനായ ഒരു ഹൈന്ദവ സന്യാസിയെ അദ്ദേഹം പ്രണമിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പഴയ ഡൽഹിയിൽ വിശുദ്ധനും അഗതിയുമായ ഒരു സാധു മുസ്ലീമിനെ അദ്ദേഹം താണു വീണ് ആദരിക്കുന്നത് ഞാൻ നോക്കി നിന്നിട്ടുണ്ട്.

സിക്കുകാരനായ വിശുദ്ധനായ ബാബായും, ബൗദ്ധനായ ദലൈലാമായും അദ്ദേഹത്തിന്റെ ആത്മാവിന്റെ ഭാഗങ്ങളായിരുന്നു. യേശുക്രിസ്തുവിൽ തിരുമേനി ദർശിച്ചതായ ദിവ്യസ്നേഹം ലോകത്തിന്റെ എല്ലാ വേലിക്കെട്ടുകളെയും അതിലംഘിക്കുവാൻ അദ്ദേഹത്തിന് ധൈര്യം നൽകി. എന്നാൽ പാണ്ഡിത്യത്തിന്റെയും ആത്മീയതയുടെയും നേരിയ ജാടകളെപ്പോലും മണത്തറിഞ്ഞ് അതിനിശിതമായി പ്രതികരിക്കാതിരിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല.

(ഓർത്തഡോക്സ് സെമിനാരിയിലെ അനുസ്മരണ സമ്മേളനത്തിലെ പ്രസംഗം)

# 4
# ദൈവസന്നിധിയിൽ നിന്നു ലഭിച്ച ദാനം

ഞാൻ കുട്ടിയായിരുന്നപ്പോൾ ഞങ്ങളുടെ പള്ളിയിലെ പെരുന്നാളിന് എല്ലാ വർഷവും ഒരു മാജിക് പെട്ടി ഒരാൾ കൊണ്ടുവരുന്നത് ഞാൻ ഓർക്കുന്നുണ്ട്. ഒരു കറുത്ത പെട്ടിയാണ്. അതിന്റെ ഒരു ദ്വാരത്തിൽ കൂടി നോക്കിയാൽ പല സംഗതികൾ കാണാമെന്നാണ് അയാൾ പറയുന്നത്. ലണ്ടൻ കാണാം, പാരീസ് കാണാം, ന്യൂയോർക്ക് കാണാം, അമേരിക്ക കാണാം. ഇങ്ങനെ ഒത്തിരി ഒത്തിരി കാര്യങ്ങൾ പറഞ്ഞുകൊണ്ട് കൊച്ചു പിള്ളാരെ വിളിച്ച് പത്തുപൈസ വാങ്ങിച്ച് അതിലൂടെ നോക്കിക്കും. ഞാൻ പലപ്പോഴും നോക്കിയിട്ടുണ്ട്. എന്താണ് കണ്ടതെന്ന് ഇപ്പോൾ ഓർക്കുന്നില്ല. പത്തു പൈസ കൈയിൽ നിന്നും പോയിട്ടുണ്ട്.

എനിക്ക് പ്രായമായി കഴിഞ്ഞ്, അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനിയുടെ ഒരു വിദ്യാർത്ഥിയായി കഴിഞ്ഞപ്പോഴാണ് ഇതിന്റെയകത്ത് കുറെ വാസ്തവമുണ്ട്, ഇത് വെറും തട്ടിപ്പല്ല എന്ന് മനസ്സിലായത്. അഭിവന്ദ്യ തിരുമേനിയുടെ അടുത്ത് ഗൗരവമായിട്ട് പത്തു മിനിറ്റ് സംസാരിച്ചു കഴിയുമ്പോൾ നമ്മൾ പുതിയ ഒരു പ്രപഞ്ചം കാണുകയായി. വീണ്ടും പത്തു മിനിറ്റു കഴിയുമ്പോൾ വേറൊരു പ്രപഞ്ചമാണ്. തീർത്തും പുതിയതായ ഒരു പുതിയ ലോകം. ഇങ്ങനെ ലോകങ്ങളുടെ പരമ്പര, പ്രപഞ്ചങ്ങളുടെ ഘോഷയാത്ര – ഇതാണ് അഭിവന്ദ്യ തിരുമേനിയുടെ അടുത്ത് ആത്മാർത്ഥമായ ആഗ്രഹത്തോടു കൂടി വിജ്ഞാന കൗതുകത്തോടു കൂടി ചെല്ലുന്ന ആർക്കും മനസ്സിലാകുന്ന ഒരു സംഗതി. ആ ലോകങ്ങളിലേക്ക് തിരുമേനി പ്രായമുള്ളവരെ മാത്രമല്ല, കൊച്ചുകുട്ടികളെയും ധാരാളമായി പ്രവേശിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ആ ലോകങ്ങൾ കാണുന്നതിന് നമുക്ക് ദൈവം തുറന്നുതന്ന ഒരു വലിയ വാതിൽ ആയിരുന്നു തിരുമേനി. തിരുമേനിയുടെ ആ സാന്നിധ്യം ഇപ്പോഴും നമുക്ക് നഷ്ടപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ മരണശേഷം അത് കൂടുതൽ കൂടുതൽ പ്രഖ്യാതമായിത്തീരും. ആ നാമം വിഖ്യാതമായിത്തീരും എന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്.

അഭിവന്ദ്യ തിരുമേനി പലപ്പോഴും വളരെ പരുഷമായിട്ടൊക്കെ പ്രായമുള്ള ആളുകളോട് പെരുമാറിയതായിട്ട് കേട്ടിട്ടുണ്ട്. അങ്ങനെയുള്ള ആളുകൾക്ക് ഒരു ധാരണയുണ്ട്, തിരുമേനി വളരെ കർക്കശക്കാരനും അഹങ്കാരിയും മനുഷ്യരോട് ദാക്ഷിണ്യമില്ലാത്തവനുമാണെന്ന്. എന്നാൽ അദ്ദേഹത്തിന്റെ നിരവധി സ്നേഹാർദ്രമായ നിമിഷങ്ങൾക്ക് സാക്ഷ്യം വഹി

ച്ചിട്ടുള്ളതു കൊണ്ട് ഞാൻ തുറന്നു പറയുകയാണ്, ആ തിരുമേനി വളരെ വളരെ ആർദ്രതയും വിനയവും ഉള്ള ആളായിരുന്നു.

അമേരിക്കയിലും, യൂറോപ്പിലുമുള്ള വെള്ളക്കാരോട് ഞാൻ, അദ്ദേഹം വിനയമുള്ള ആളായിരുന്നു എന്ന് പറഞ്ഞാൽ അവരെന്നെ തിരിച്ചിങ്ങോട്ട് വിടുകയില്ല. അവിടെത്തന്നെ എന്നെ അടിച്ചിടും. അത്രയധികം അവരുടെ ധാരണ, അദ്ദേഹം വലിയ അഹങ്കാരിയും വെള്ളക്കാരെ വെല്ലുവിളിക്കുന്നവനുമായിരുന്നു എന്നാണ്. പക്ഷേ അദ്ദേഹം ദൈവസന്നിധിയിൽ വിനയമുള്ളയാളായിരുന്നു. മനുഷ്യന്റെ അഹങ്കാരത്തെ ഒരിക്കലും അദ്ദേഹം സമ്മതിച്ചു കൊടുത്തിട്ടില്ല.

അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാനത്തിലെ വലിയ ഒരു ആഗ്രഹം ഓർത്തഡോക്സ് സഭയുടെയും ക്രൈസ്തവസഭകളുടെയുമെല്ലാം ഐക്യമായിരുന്നു. മലങ്കരസഭയുടെ ആ പുത്രൻ ലോകത്തിന്റെ വിവിധ കോണുകളിൽ മലങ്കരസഭയുടെ പ്രതിനിധിയായിട്ട്, ഓർത്തഡോക്സ് സഭകളുടെയെല്ലാം പ്രതിനിധിയായിട്ട് സംസാരിക്കുകയും നമുക്കെല്ലാം പ്രശസ്തിയും അഭിനന്ദനവും വാരിക്കോരി തരികയും ചെയ്തു. അദ്ദേഹത്തിന്റെ ആ അന്ത്യ അഭിലാഷം നമ്മുടെയിടയിൽ നമ്മുടെ കാലത്തു തന്നെ പൂർത്തീകരിക്കുന്നതിനുവേണ്ടി നാം ശ്രമിക്കണം. ദൈവസന്നിധിയിൽ നിന്നു നമുക്കു ലഭിച്ച ഒരു വലിയ ദാനമായിരുന്നു അദ്ദേഹം. ആ ദാനത്തിന്റെ, ആ രക്തത്തിന്റെ മഹത്വം നാൾ ചെല്ലുന്തോറും നാം കൂടുതൽ കൂടുതൽ മനസ്സിലാക്കും. അതിനുവേണ്ടി നാം കൂടുതൽ ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

(തലക്കോട് ബോയ്സ് ഹോമിൽ നടന്ന അനുസ്മരണ സമ്മേളനത്തിലെ പ്രസംഗം)